Sectt. II-48—22,303—17-1-18.

# Home (1918) Department.

Education

Ordinary SERIES.

G.O. No. 674

DATED 27.5.18

INDEXED

29

[Despatch Abstract.]

Periodicals.-

Passing orders on the question of supply of the Malayalam journal "Ramajayam" to certain educational institutions.

PAPERS PUT UP WITH CURRENT No. ..................

Papers of the department to which the current belongs.

| Number. | Date. | Original (=O.) or spare copy (=S.C.) | Remarks. (In this column such of the papers as have been removed for copying, printing, etc., should be marked with a cross.) | Initials of Referencer with date in token of return to Reference department. |
|---|---|---|---|---|
| | | | | |

Papers of other departments.

| Department. | Number | Date. | Original (=O.) or spare copy (=S.C.) | Initials with date of (1) Referencer acknowledging returns of the paper concerned or (2) Despatcher to denote the return of the papers to the department concerned. |
|---|---|---|---|---|
| | | | | |

**P. V. GOVINDASWAMY AIYAR, M.A., L.T.,**
EDITOR
"RAMAJAYAM"
(A Malayalam Co-operative Journal.)

Cannanore, 23/1/1

25 JAN 1918
25 JAN 1918

To
The Hon'ble Dewan Bahadur M. R. Ramachandra Rao
Secretary to Government Madras

Hon'ble Sir,

I beg to submit herewith a copy of my Malayalam co-operative journal "Ramajayam" for your kind acceptance. I may add this is the only journal of its kind in Malayalam, devoted to the co-operative movement. I have some experience of co-operative work and perhaps you will be pleased to recognise in me the author of a small English Brochure entitled 'Co-operative Societies' which I submitted to you some time back. I am the editor of 'Ramajayam'.

With your experience of Malabar, I hope you will soon realise that without Government patronage, a technical journal like this may not succeed. I therefore pray you may be graciously pleased

Cannanore, 23/11/

...to pass orders instructing the departments of education and co-operation at Madras to extend to me their patronage by subscribing for copies of 'Ramajayam', and I may be permitted to observe that it will be a substantial measure of gracious patronage if you will be pleased to subscribe for a few copies on behalf of the Benign Government.

Praying for favourable orders
I beg to remain,
Hon'ble Sir,
Your most obedient servant,
P. V. Govindaswamy

P.S.

Annual subscription is Rs 2-8 as only. The journal will be published by the 15th of each month at Cannanore.

PV

---

പുസ്തകം 1] 1918 ജനുവരി. [ലക്കം 1.

# രാമജയം

(പരസ്പരസഹായ സംഘങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഏകമാസിക.)

"പരസ്പരസഹായ സംഘങ്ങളെ ഏർപ്പെടുത്തുകയും അവയെ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതായാൽ ഈ രാജ്യത്തിലെ കൃഷിപ്രവൃത്തിക്ക് അനല്പവും ഉൽകൃഷ്ടവും ആയ ഭാവിശ്രേയസ്സ് ഉണ്ടാകുമെന്ന നാം അഭിപ്രായപ്പെടുന്നു."—

(ഭാരതചക്രവർത്തിതിരുമനസ്സിന്ന്.)

പത്രാധിപർ:—
പി. വി. ഗോവിന്ദസ്വാമി അയ്യർ, എം.എ., എൽ.ടി.

Printed and Published by P. Kunhi Kannan, at the Edward Press, Cannanore.

F. B. EVANS, Esqr., M.A., I.C.S., Collector of Malabar writes under date 17—12—'17:—"I am glad to hear that you are starting a Co-operative Journal and I trust that it will be a success."

Dewan Bahadur L. D. SWAMIKANNU PILLAY, Avl., M.A.,B.L.,L.L.B., Collector of Nellore writes under date 5—1—'18 :— "I shall look forward with interest to the appearance of your Malayalam Co-operative Journal."

---

## സംഗതി വിവരം.


പ്രസ്താവന ... ... ... 1

കുറിപ്പുകൾ ... ... ... 3

പരസ്പരസഹായം ... ... ... 14

മ. രാ. രാ. പി. ജി. രാമയ്യർ അവർകൾ, ബി.എ.,ബി.എൽ.

മിത്രസഹായം ... ... ... 15

മ.രാ.രാ രാമവർമ്മരാജ ചിറക്കൽ വലിയരാജാവവർകൾ തിരുമനസ്സു കൊണ്ടു എം. ആർ. എ. എസ്, എഫ്. ആർ. എച്ച്. എസ്.

കടം ... ... ... ... 18

മ. രാ. രാ. പോത്തേരി കുഞ്ഞമ്പു അവർകൾ.

ബഹുമാനപ്പെട്ട രാമചന്ദ്രറാവു അവർകളുടെ പ്രസംഗം 21

ഒരു ഐക്യസംഘം സ്ഥാപിക്കുന്നതു എങ്ങിനെ. 24

മ. രാ. രാ. സി. കരുണാകരമേനോനവർകൾ ബി.എ.

കണ്ണാനഗര പരസ്പരസഹായസംഘം ... 29

മ. രാ. രാ. കാരായി കൃഷ്ണൻ അവർകൾ.


'രാമജയം' എന്ന പുതിയ മാസികയുടെ ഒന്നാമത്തെ ലക്കം ഇതുസഹിതം അയക്കുന്നതിനെ സ്വീകരിപ്പാനും സഹിതം വരിക്കാരുടെ പട്ടികയിൽ തങ്ങളുടെ പേരുംകൂടി ചേർപ്പാൻ അനുവദിപ്പാനും മാസികക്ക് കഴിയുന്ന ഒത്താശചെയ്തുതരുവാനും അപേക്ഷിക്കുന്നു.

പി. വി. ഗോവിന്ദസ്വാമി അയ്യർ, എം.എ., എൽ.ടി.,

# രാമജയം

1918.

| പുസ്തകം 1. | ജനവരി. | നമ്പ്ര. 1. |
| --- | --- | --- |

## മംഗളം.

പാരിൽപാരംപരക്കുംപലദുരിതശതങ്ങൾക്കുമാഹന്തവേരാം
ദാരിദ്ര്യംതിന്നു,സമ്പത്തുടനുടനുളവായ്സർവ്വരുംനിർവ്വിശങ്കം
ഭൂരിക്ഷേമാലഭിപ്പാൻശുഭവഴിതെളിയിക്കുന്നസന്മാസികേ! നീ
പാരിക്കുംപുഷ്ടിയോടുംപുകളൊടുമനിശംസഞ്ചരിക്കജയിക്ക.

"സഹൃദയൻ."

---

പണ്ടങ്ങൾവേണ്ട,കുടിവേണ്ട,പറമ്പുവേണ്ട,
രണ്ടാൾസഹായമതുകൊണ്ടുകടങ്ങൾവാങ്ങി
തിണ്ടാടിടാതതുകൾവീട്ടുവതിന്നുമാർഗ്ഗം
ഉണ്ടാക്കിവെക്കുമൊരു'രാമജയം'ജയിക്ക.

"കെ. സി."

---

## പ്രസ്താവന.

പരസ്പരസഹായ സംഘങ്ങളെപററി പ്രതിപാദിക്കുന്ന ഒരു മാസിക മലയാളഭാഷയിൽ പ്രസിദ്ധപ്പെടുത്തേണമെന്നു ഞങ്ങൾ കുറെകാലമായി ആഗ്രഹിച്ചുവരുന്നു. ബ്രിട്ടീഷമലയാളത്തിലും, തിരുവിതാംകൂറിലും, കൊച്ചിയിലും പരസ്പരസഹായസംഘങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുവരു

ന്നത് സന്തോഷാവഹമാണെന്നു പറയേണ്ടതില്ല. എന്നാൽ പരസ്പരസഹായ സംബന്ധമായി ഒരു പ്രത്യേകമാസിക നടത്തി ജനങ്ങളുടെ ഇടയിൽ അതിനെപറ്റി ശരിയായ ജ്ഞാനം ഉണ്ടാക്കിയാലെ സംഘങ്ങളുടെ എണ്ണത്തിന്നുവേണ്ടടത്തോളം വൎദ്ധനയും പുഷ്ടിയും ഉണ്ടാവുകയുള്ളു. അങ്ങിനെ ഒരുമാസിക നടത്തേണ്ടതാണെന്നു സംഘംഡിപ്പാൎട്ടുമെൻറുകാരുടെ അഭിപ്രായവും ഞങ്ങളുടെ മുൻപറഞ്ഞ ആഗ്രഹവും കൂടിയാണു ഞങ്ങളെ ഈ മാസികാവിഷയത്തിൽ ഉത്സാഹപ്പെടുത്തിയത്. ഈ മാസികമൂലമായി പരസ്പരസഹായസംഘങ്ങളെപറ്റി നാട്ടുകാൎക്കു ശരിയായ അറിവുകൊടുക്കേണമെന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നു. ഞങ്ങളുടെ ഉദ്ദേശം സഫലമാക്കിത്തരേണ്ടുന്ന ചുമതല മാന്യന്മാരായ വായനക്കാരിലും, ദേശാഭിമാനികളായ ലേഖകന്മാരിലും ഞങ്ങൾ ഏല്പിക്കുന്നു.

ഈ മാസികക്ക് 'രാമജയം' എന്നാണു ഞങ്ങൾ നാമകരണം ചെയ്തിട്ടുള്ളത്. രാവണാദിരാക്ഷസന്മാരുടെ ഉപദ്രവംകൊണ്ടു വലഞ്ഞസാധുക്കളെ രക്ഷിച്ചതു ശ്രീരാമന്റെ ജയമാണെന്നു പറയേണ്ടതില്ലല്ലൊ. കയ്യും കണക്കുമില്ലാതെ "വട്ടവും വട്ടിയും" വാങ്ങിസാധുക്കളെ ദ്രോഹിക്കുന്ന ഉണ്ടിക കച്ചവടക്കാരുടെ കയ്യിൽനിന്നു നമ്മുടെ നാട്ടുകാരെ രക്ഷപ്പെടുത്തുവാൻ പരസ്പരസഹായ സംഘസ്ഥാപന സഹായിക്കുന്നതാണ്. അങ്ങിനെ രക്ഷപ്പെടുത്തുന്നതു വലിയ ഒരു ജയമാണെന്നു പറയേണ്ടതില്ലല്ലൊ ആ ജയത്തിനെ ഉദ്ദേശിച്ചാണു മാസികക്കു 'രാമജയം' എന്നുപേർ വിളിക്കാൻ നിശ്ചയിച്ചത്.



യുദ്ധം നിമിത്തം കടലാസ്സിന്നും അച്ചടിസാമാനങ്ങൾക്കും ദുൎഭിക്ഷം ബാധിച്ചിരിക്കുന്ന ഈ അവസരത്തിൽ ഒരു മാസികനടത്തുന്നത് കഷ്ടസാദ്ധ്യമാണെങ്കിലും വരിക്കാരുടേയും വായനക്കാരുടേയും ലേഖകന്മാരുടേയും ഒത്താശ ധാരാളം ഉണ്ടാകുമെന്നു വിശ്വസിച്ചു ഞങ്ങൾ ഇതിൽ പ്രവേശിച്ചിരിക്കുന്നു. ഈ മാസികമൂലം പുതിയ പുതിയ പരസ്പരസഹായ സംഘങ്ങൾ സ്ഥാപിക്കാനിടയായാൽ അത്തന്നെ ഞങ്ങൾക്കു കൃതാൎത്ഥതക്കു കാരണമായ് ഭവിക്കുന്നതാണെന്നു പറഞ്ഞുകൊണ്ടു ഈ പ്രസ്താവന അവസാനിപ്പിച്ചുകൊള്ളുന്നു.

---

## പത്രാധിപ കുറിപ്പുകൾ.

---

പരസ്പരസഹായ സംഘങ്ങൾ എന്നും ഐക്യനാണയസംഘങ്ങൾ എന്നും പറഞ്ഞുവരാറുള്ള സംഘങ്ങളുടെ സംഖ്യ വൎദ്ധിച്ചുവരുന്നതു നമ്മുടെ രാജ്യത്തിന്നു വലിയഗുണമാണെന്നു പറയേണ്ടതില്ല. ഇപ്പോളുള്ള സംഘങ്ങളുടെ എണ്ണം ഒട്ടുംതന്നെ മതിയായിട്ടില്ലെന്നും ഓരോ അംശത്തിലും ദേശത്തിലും ഒന്നിലധികം സംഘങ്ങൾ ഏൎപ്പെടുത്തുവാൻ സാധിച്ചാൽ മാത്രമേ പൂൎണ്ണമായഗുണം ഉണ്ടാവുകയുള്ളു എന്നും ഉത്സാഹികളായ പലദേശാഭിമാനികളും അഭിപ്രായപ്പെടുന്നുണ്ടു. ഈ അഭിപ്രായം പ്രശംസായോഗ്യമാണെന്നുള്ളതിന്നു സംശയമില്ല. ബദ്ധപ്പെട്ടും ഗുണദോഷങ്ങളെ പറ്റി ആലോചിക്കാതെയും കണ്ടേടത്തെല്ലാം ഐക്യനാണയസംഘങ്ങൾ ഏൎപ്പെടുത്തുന്നതു ഉചിതമല്ലെന്നും സാവധാനത്തിൽ ആലോചിച്ചു ഓരോസംഘമായിപതുക്കെ പതുക്കെ ഏൎപ്പെടുത്തിയാലെ സംഘങ്ങൾക്കു ശരിയായബലവും പ്രചാരവും ഉണ്ടാവുകയുള്ളു എന്നു ചിലർ അഭിപ്രായപ്പെട്ടു

ന്നതും കേവലം തള്ളിക്കളയത്തക്കതല്ല. പരസ്പരസഹായ സംഘങ്ങൾ സ്ഥാപിക്കുന്നതുകൊണ്ടു ഉണ്ടാകാനിടയുള്ള ഗുണങ്ങളെ പററി ജനങ്ങൾക്കു ശരിയായ അറിവുകൊടുത്തു അവക്കു ആ വിഷയത്തിൽ ഉത്സാഹം ജനിപ്പിച്ചതിൽ പിന്നെ മാത്രമേ സംഘങ്ങൾ സ്ഥാപിക്കാൻ തുടങ്ങാവു എന്നു വാദിക്കുന്നവരും ഉണ്ട്! സംഘങ്ങളെപററി യാതൊരറിവും ഇല്ലാത്തവരുടെ ഇടയിൽ സംഘങ്ങൾ സ്ഥാപിക്കാൻ ഉദ്യമിക്കുന്നതു നിഷ്ഫലമായിത്തീരുന്നതാണു. എല്ലാജനങ്ങൾക്കും പരസ്പരസഹായസംഘങ്ങളെ പററിയുള്ള പൂൎണ്ണമായജ്ഞാനം സിദ്ധിച്ചതിൽ പിന്നെ മാത്രമേ സംഘസ്ഥാപനകം ശ്രമിക്കാവു എന്നു വിചാരിച്ചുകാലം കഴിക്കുന്നതും ശരിയല്ല. ഒരു കുട്ടിയെ നീന്തുവാൻ പഠിപ്പിക്കേണമെങ്കിൽ അവനെ വെള്ളത്തിൽ ഇറക്കാതെ സാധിക്കുന്നതല്ല. "എന്റെ കുട്ടിക്കു നീന്താൻ അറിയില്ല. നീന്താൻ വശമാകുന്നതുവരെ ഞാൻ അവനെ കുളക്കരക്കയക്കുകയില്ല." എന്നു വിചാരിച്ചുവരുന്ന ഒരമ്മയുടെ മകൻ ജീവകാലം മുഴുവനും നീന്താൻ അറിയാതെ കഴിച്ചുകൂട്ടേണ്ടിവരും. അതുപോലെ പരസ്പരസഹായ സംഘങ്ങളെ യാതൊരു ന്യൂനതയും കൂടാതെ നടത്താൻ വേണ്ടുന്ന അറിവും സാമൎത്ഥ്യവും ഉണ്ടായതിൽ പിന്നെ മാത്രമേ സംഘങ്ങൾ സ്ഥാപിക്കാവു എന്നു പറഞ്ഞു കാലം കഴിക്കുന്നതായാൽ സംഘങ്ങൾ വൎദ്ധിക്കുന്ന കാൎയ്യം വളരെ സംശയമാണു. ഉത്തമമായമാൎഗ്ഗം മാസികകൾ, പ്രസംഗങ്ങൾ, ദൃഷ്ടാന്തങ്ങൾ എന്നിവകൊണ്ടു ജനസാമാന്യത്തിന്നു ജ്ഞാനം ഉണ്ടാക്കുന്നപ്രവൃത്തിയും സംഘങ്ങൾ സ്ഥാപിക്കുന്നപ്രവൃത്തിയും ഒപ്പം ചെയ്യുന്നതായിരിക്കും എന്നു തോന്നുന്നു. ആരംഭത്തിൽ സംഘങ്ങൾ അപകടങ്ങളിൽ



ചാടി എന്നുവരുന്നേക്കാം. അതുകൊണ്ട് അധൈൎയ്യപ്പെട്ടുവാനില്ല. പരിചയവും അറിവും വൎദ്ധിക്കുന്നതോടുകൂടി അപകടങ്ങളിൽ ചാടാതെ രക്ഷപ്പെട്ടുവരുവാനുള്ള ശക്തിസംഘങ്ങൾക്കു ക്രമത്തിൽ ഉണ്ടാവുന്നതാണു. നടക്കാൻ ആരംഭിക്കുന്ന ഒരു കുട്ടി ആരംഭത്തിൽ വീണും എഴുന്നേററും വീണ്ടും വീണും ഇങ്ങിനെ ക്രമത്തിൽ അടികൾക്കു ഉറപ്പുസമ്പാദിക്കുന്നു. നിത്യാനുഭവം നമുക്കു ഈ കാൎയ്യത്തിൽ ശരിയായ ഒരു ദൃഷ്ടാന്തമാകുന്നു.

*** *** ***

കഴിഞ്ഞ കൊല്ലാരംഭത്തിൽ നമ്മുടെ മദിരാശി സംസ്ഥാനത്തിൽ 11 സെൻറൽബാങ്കുകളും, 31 പരസ്പരസഹായ യൂനിയനും 1759 പരസ്പരസഹായ സംഘങ്ങളും ഉണ്ടായിരുന്നു. സെൻറൽബാങ്കുകളിൽ 7 ബാങ്കുകൾ സംഘങ്ങൾക്കു പലിശക്കുപണം കടംകൊടുത്തുവന്നിരുന്നതിന്നു പുറമെ തങ്ങളുമായി എടവാടു ചെയ്യുവന്ന സംഘങ്ങളുടെ മേലന്വേഷണം നടത്തുകയും ചെയ്യുവന്നു. 1759 സംഘങ്ങളിൽ 1602 കൃഷിക്കാരുടെ സംഘങ്ങളായിരുന്നു. മേൽവിവരിച്ച സംഖ്യകൾ നമ്മുടെ സംസ്ഥാനത്തിലെ ജനസംഖ്യയെ ആലോചിക്കുന്നതായാൽ വളരെ കുറവാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ജനസാമാന്യത്തിന്നു അന്യോന്യസഹായ ബുദ്ധിയും ഉത്സാഹവും ജ്ഞാനവും വൎദ്ധിക്കുന്നതിന്നനുസരിച്ചു സംഘങ്ങളുടെ സംഖ്യയും വൎദ്ധിക്കുന്നതാണെന്നു വിചാരിച്ചു സമാധാനിക്കുകതന്നെ.

*** *** ***

പരസ്പരസഹായ സംഘങ്ങൾക്കു ധനസഹായം ചെയ്തു കൊടുപ്പാൻ മദിരാശിയിൽ ഏൎപ്പെടുത്തിയിരുന്ന സെൻറ

റൽ അൎബ്ബൻ ബാങ്ക് പത്തുകൊല്ലമായി അതിന്റെ ഉദ്ദേശത്തെ ഒരു മാതിരി നിറവേററിവരുന്നു. എങ്കിലും അതിന്നു വലിയ ഒരു ന്യൂനത ഉണ്ടായിരുന്നു. ആ ബാങ്ക് മററ സഹകാൎയ്യ ബാങ്കുകളെപോലെ പണം പലിശക്കു കടം കൊടുത്തുവന്നിരുന്നതല്ലാതെ അതിനോടു ഇടവാടു ചെയ്തുവന്നിരുന്ന സംഘങ്ങൾക്കു അതിന്റെ കൈകാൎയ്യങ്ങളിൽ ഒരു വിധമായ പ്രവേശദ്വാരവും അനുഭവിച്ചിരുന്നില്ല. ബാങ്കുടമസ്ഥൻ കേവലം ഉണ്ടികവ്യാപാരികളുടെ നിലയിലായിത്തീരുന്നുണ്ടെന്നുള്ള ഒരപവാദം സെണ്ട്രൽ അൎബ്ബൻബാങ്കിന്റെ ബലമായി ബാധിച്ചിരുന്നു. കഴിഞ്ഞകൊല്ലം ആ അപവാദം ഇല്ലാതായി. മേപ്പടി ബാങ്കു കഴിഞ്ഞകൊല്ലം ഒരു പ്രൊവിൻഷ്യൽ ബാങ്കായിമാറി. അതിനോടു ഇടവാടു ചെയ്യുന്ന സംഘങ്ങൾക്കെല്ലാം അതിന്റെ മാനേജ്മെന്റിൽ അവകാശം സിദ്ധിച്ചു. ചെറിയ ഒരു പരസ്പരസഹായ സംഘത്തിലെ ഓരോ മെമ്പ്രമാൎക്കും ദരിദ്രനെന്നോ, ധനികനെന്നോ, പ്രഭുവെന്നോ, കുടിയാനെന്നോ ഉള്ള വ്യത്യാസങ്ങൾ ഇല്ലാതെ അതിന്റെ കാൎയ്യാന്വേഷണത്തിൽ സമാവകാശം ഉള്ളതുപോലെ പ്രൊവിൻഷ്യൽ ബാങ്കിന്റെ മാനേജ്മാന്റിൽ അതിനോടു ഇടവാടുചെയ്യുന്ന സകലസംഘങ്ങൾക്കും അവകാശം ഉണ്ടു. ഇതു സംഘങ്ങളുടെ ഐകമത്യത്തിന്നും കാൎയ്യപ്രാപ്തിക്കും ധൈൎയ്യത്തിന്നും വൎദ്ധനക്കും വളരെ അനുകൂലമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ.

*** *** ***

കഴിഞ്ഞകൊല്ലം വിശാഖപട്ടണത്തിൽ ഒരു യൂനിയൻ ഒരു സെണ്ട്രൽ ബാങ്കാവുകയും വെല്ലൂരിലും, ബെഹ്റാംപൂരിലും ഓരോ സെണ്ട്രൽ ബാങ്കുകൾ സ്ഥാപിക്കാനിടയാവുക



യും ചെയ്തു. ഇവക്കുപുറമെ പുതിയതായി 27 യൂനിയനും 67 കച്ചവടക്കാരുടെ പരസ്പരസഹായ സംഘങ്ങളും സ്ഥാപിക്കപ്പെട്ടു. കൃഷിക്കാരുടെ സംഘങ്ങളിൽ 160 സംഘങ്ങൾ ക്ഷയിച്ചതായി കാണുന്നതു കഷ്ടംതന്നെ. കൊല്ലാവസാനത്തിൽ ഒരു പ്രൊവിൻഷ്യൽ ബാങ്കും 13 സെണ്ട്രൽ ബാങ്കുകളും 57 യൂനിയനും 1921 കൃഷിക്കാരുടെ സംഘങ്ങളും 224 കച്ചവടക്കാരുടെ സംഘങ്ങളും ഉണ്ടായിരുന്നു. സംഘങ്ങളുടെ വൎദ്ധന ഇതിലധികം ഉണ്ടായികാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

*** *** ***

കഴിഞ്ഞകൊല്ലം ആരംഭത്തിൽ 135917 ആളുകൾ സംഘങ്ങളിൽ മെമ്പ്രമാരായിരുന്നു. കൊല്ലം അവസാനിച്ചപ്പോൾ മെമ്പ്രമാരുടെ സംഖ്യ 163121 ആയി വൎദ്ധിച്ചു. രണ്ടാമതപറഞ്ഞ സംഖ്യയിൽ 29236 ബ്രാഹ്മണരും 102206 പേർ ഹിന്തുക്കളിൽ മററജാതിക്കാരും 12134 പേർ ക്രിസ്ത്യാനികളും, 9011 മുസൽമാന്മാരും 2715 പേർ മുൻപറഞ്ഞ കൂട്ടത്തിൽ പെടാത്ത പലവകക്കാരും ആയിരുന്നു. ആയിരത്തിലധികം പഞ്ചമന്മാർ പരസ്പരസഹായ സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ടെന്നു കാണുന്നതു സന്തോഷപ്രദമായ ഒരു സംഗതിയാണ. അന്യജാതിക്കാരുടെ സഹായം കൂടാതെ പഞ്ചമന്മാർ പ്രത്യേകമായി നടത്തുന്ന 15 സംഘങ്ങൾ ഉണ്ടെന്നു സന്തോഷപൂൎവ്വം പ്രസ്താപിക്കേണ്ടിയിരിക്കുന്നു. ഈ പതിനഞ്ചു സംഘങ്ങൾക്കു പുറമെ 102 സംഘങ്ങളിൽ ഒരോന്നിൽ 25ൽ കുറയാത്ത പഞ്ചമമെമ്പ്രമാർ ഉണ്ടെന്നും കാണുന്നു. നമ്മുടെ രാജ്യത്തിൽ ഹീനജാതിയാണെന്നു ഇതുവരെ കരുതിപോന്ന പഞ്ചമന്മാർ നമ്മെപോ

ലെത്തന്നെ മനുഷ്യരാണെന്നും അവക്കും നമ്മെപ്പോലെ സകല യോഗ്യതകൾക്കും അവകാശമുണ്ടെന്നും അവർ ക്രമത്തിൽ അറിവിലും പ്രവൃത്തിയിലും മററുജാതിക്കാരുടെ സ്ഥിതിക്കെത്തുവാൻ ഇടയുണ്ടെന്നും അങ്ങിനെയായാൽ നമ്മുടെ രാജ്യത്തിന്നു വിലമതിക്കാൻ സാധിക്കാത്ത ശ്രേയസ്സുണ്ടാകുമെന്നും ദേശാഭിമാനികളായ മഹാന്മാർ അഭിപ്രായപ്പെടുന്നത സഫലമായികാണ്മാൻ പരസ്പരസഹായ സംഘങ്ങൾ അനുകൂലിക്കുമെന്നു ഞങ്ങൾ നിസ്സംശയം അഭിപ്രായപ്പെടുന്നു. പഞ്ചമന്മാരുടെ ഐക്യനാണയ സംഘങ്ങൾ സ്ഥാപിക്കാൻ ഉയന്നജാതികൾ കഴിവുള്ള ഒത്താശചെയ്യേണ്ടതാണെന്നു മാത്രമല്ല തങ്ങളുടെ സഹായസംഘങ്ങളിൽ പഞ്ചമരെ മെമ്പ്രമാരായി ചേത്ത അവക്കു ഒരു കയററം കൊടുക്കേണ്ടതാണെന്നു കൂടി ഞങ്ങൾക്കുതോന്നുന്നു. മദിരാശിസംസ്ഥാനത്തിൽ ഇപ്പോൾ 25 തോട്ടികളുടെ സംഘങ്ങൾ ഉണ്ടു. സാധാരണ തോട്ടികളായ പഞ്ചമന്മാർ ശമ്പളം വാങ്ങുന്ന അവസരത്തിൽ കിട്ടുന്നതിൽ മുക്കാലും തട്ടിക്കൊണ്ടുപോകുവാൻ ജാഗ്രതയായി കാത്തുനില്ക്കുന്ന ചിലനിർദ്ദയന്മാരായ കച്ചവടക്കാർ—സാധുതോട്ടികൾക്കു വലിയപലിശക്കുകടം കൊടുത്ത ധനം സമ്പാദിക്കുന്ന കച്ചവടക്കാർ—നമ്മുടെ ഇടയിൽ അധികം പേർഉണ്ടു. അവരുടെ വലയിൽ പെട്ടവലയുന്ന ഈ സാധുക്കൾക്കു പരസ്പരസഹായസംഘങ്ങൾ വലിയ ഉപകാരമായിരിക്കും.

*** *** ***

തോട്ടികളുടെ സ്ഥിതി വിചാരിച്ചാൽ ആക്കും പരിതാപം ഉണ്ടാകുന്നതാണ്. അവക്കു നിത്യദാരിദ്ര്യമാണ് ഉള്ളത്. കിട്ടുന്ന ശമ്പളത്തിൽ മുക്കാലും എന്നും വീളാത്ത കടം



കൊടുക്കേണ്ടിവരുന്നു. ബാക്കിയുള്ളതിൽ പകുതിയിലധികം കള്ളുപീടികക്കാരന്നു് അപ്പിക്കുന്നു. ഒരു ജീവകാലം മുഴുവനും തോട്ടിപ്രവൃത്തി എടുത്തു വന്ന തോട്ടിക്കു മരിക്കാറാവുമ്പോൾ ഒരു കാശുപോലും കയ്യിലുണ്ടാവുന്നില്ല. ഈ വകക്കാരുടെ ഇടയിൽ സംഘങ്ങൾ സ്ഥാപിച്ചു മാസന്തോറും ശമ്പളത്തിൽനിന്നു ഒറോ ഉറുപ്പികകണ്ടോ ഉറുപ്പികക്കു് ഒരണകണ്ടോ പിടിച്ചു സേവിങ്ങ്സ് ഡിപ്പോസിററായിവെച്ചാൽ എത്ര ഗുണമായിരിക്കും. ഇതിലധികം പുണ്യമായഒരു കാര്യം ഇല്ലെന്നതന്നെ പറയാം.

*** *** ***

കഴിഞ്ഞകൊല്ലത്തിൽ മുക്കുവന്മാരുടെ ഇടയിൽ 14ഐക്യനാണയസംഘങ്ങളും വീടുകൾ കെട്ടുന്നതിലേക്കു ഒരു സംഘവും ഏപ്പാടചെയ്യിരിക്കുന്നു. ഫിഷ്ഷറീസ് ഡിപ്പാട്ട്മെൻറിൽ അസിസ്റ്റാൻററ് ഡയരക്ടരായി ഉദ്യോഗംഭരിച്ചു വളരെ കീത്തിസമ്പാദിച്ചിട്ടുള്ള ഗോവിന്ദൻ അവർകൾ, മുക്കുവരുടെ ഇടയിൽ പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുന്നതിന്നു വളരെ പ്രയത്നിച്ചിരിക്കുന്നു. കാടുകളിൽ വസിക്കുന്നവരും പരിഷ്കാരം കുറഞ്ഞവരുമായ ബഡഗന്മാരുടേയും കോടന്മാരുടെയും ഇടയിൽ ഏഴു പരസ്പരസഹായസംഘങ്ങൾ ഏപ്പെടുത്തിയതായി കാണുന്നതും എത്രയും സന്തോഷപ്രദമായ സംഗതിയാണ്. ഈ വിഷയത്തിൽ മുൻസീപ്പാലിററികളിലെ ചെയർമന്മാരും കൌൺസിലന്മാരും മനസ്സിരുത്തി പ്രവൃത്തിച്ചാൽ വളരെ ഗുണമുണ്ടാവാനിടയുണ്ട്.

*** *** ***

കഴിഞ്ഞകൊല്ലത്തിൽ എടവാടചെയ്യാനുള്ള മൂലധനം സുമാറ 169 ലക്ഷം ഉറുപ്പികയിൽനിന്നു സുമാറ 205 ലക്ഷം ഉറുപ്പികയോളം വൎദ്ധിച്ചിരിക്കുന്നു. സെൻററൽബാങ്കുകളിൽനിന്നു സംഘങ്ങൾക്കു കടം കൊടുത്ത പണം 71 ലക്ഷം ഉറുപ്പികയോളം ആയിരുന്നു. സംഘങ്ങളുടെ റിസേർവ്ഫണ്ട് ഏകദേശം പത്തുലക്ഷം ഉറുപ്പിക ഉണ്ടായിരുന്നു. മററുള്ള സംസ്ഥാനങ്ങളിൽ സംഘങ്ങൾക്കും സെൻററൽബാങ്കുകളിലേക്കും പണത്തിൻെറ ദൌൎല്ലഭ്യവും യുദ്ധംകൊണ്ടുള്ള ക്ഷാമാവസ്ഥയേയും ആലോചിച്ചുനോക്കിയാൽ ഈ സംസ്ഥാനത്തിൽ ഇത്രത്തോളം സംഘങ്ങളുമായി എടവാട നടന്നുവരുന്നതുകണ്ട് ആശ്ചൎയ്യപ്പെടേണ്ടിയിരിക്കുന്നു. പക്ഷെ ഇതിന്നു ഒരു പ്രത്യേകകാരണം നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ ഇടയിൽതന്നെ ഉണ്ട്. അതെന്തെന്നാൽ, പരസ്സ്പരസഹായസംഘങ്ങൾ ഗവൎമ്മേണ്ട് മേലന്വേഷണത്തിന്മേൽ നടന്നുവരുന്ന ബാങ്കുകളാകകൊണ്ട്, അവൎക്കു പണം ഷെയറായിട്ടോ, ഡെപ്പോസിററായിട്ടോ കൊടുത്താൽ അതിന്നു നാശംവരികയില്ലെന്നുള്ള ധാരണ പരക്കെ ഉണ്ടു. സാധാരണ ബാങ്ക് പൊളിയുംപോലെ ഐക്യനാണയസംഘങ്ങൾ പൊളിയുന്നതല്ലെന്ന് ഒരു ദൃഢവിശ്വാസം എല്ലാവൎക്കും ഉണ്ട്. ഈ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി പ്രവൃത്തിക്കുന്നതായാൽ സംഘങ്ങൾക്കു പണത്തിൻെറ ബുദ്ധിമുട്ട് നേരിടാൻ അവകാശമില്ല. സംഘം കൊടുക്കുന്ന പലിശ സ്വല്പമാണല്ലൊ. ഡെപ്പോസിററിന്നു നൂററിന്നു ഏഴരപലിശ ഒരു ജായിൻ്റ്സ്റ്റാക്ക് ബാങ്കിൽ കിട്ടുന്നതാണെങ്കിലും, ഒരു ഐക്യനാണയസംഘത്തിൽ നൂററിന്നു ആറ പലിശക്കുംകൂടി പണം ഡെപ്പോസിററായി കൊടുക്കാൻ ആൾ വളരെ ഉണ്ടെന്നു നിസ്സംശയം പറയാം.



ഐക്യനാണയസംഘങ്ങൾ മെമ്പർമാരുടെ പേരിൽ കടംകൊടുത്ത പണം പിരിഞ്ഞുകിട്ടേണ്ടതിലേക്കു വ്യവഹാരം കൊടുത്തുകാണുന്നതു ഒരു ശോചനീയാവസ്ഥയാണ്. കോടതിയിൽ പോയാൽ സംഘം ഒരു സാധാരണ കക്ഷിയുടെ സ്ഥിതിയിലാണ് കോടതി വിചാരിച്ചുവരുന്നത്. കോടതിയിൽ സംഘത്തിന്നു യാതൊരു പ്രത്യേകാവകാശവും ഇല്ല. കോൎട്ട്ഫീസ്സും, വക്കീൽഫീസ്സും, സാക്ഷിബത്തയും മററും ചിലവുകൾ കൃത്യമായും ചെയ്യേണ്ടിവരും. വിധി എളുപ്പത്തിൽ സമ്പാദിച്ചു എന്നുവെച്ചാലും, അത് നടത്തി മുതൽ വസൂലാക്കുന്നത് വളരെ പ്രയാസമാണ്. വ്യവഹാരത്തിന്നു പോകുന്ന സംഘം ജനങ്ങളുടെ ബഹുമാനത്തിന്നു പാത്രമാവുകയില്ല. കഴിയുന്നേടത്തോളം വ്യവഹാരത്തിന്നുപോകാതെ കടം വാങ്ങിയമെമ്പരോടു പഞ്ചായത്തമുഖാന്തരം മദ്ധ്യസ്ഥംപറഞ്ഞു കാൎയ്യം തീൎക്കുന്നതാണു നല്ലതു. കഴിഞ്ഞകൊല്ലം മദ്രാസ്സംസ്ഥാനത്തിൽ സംഘങ്ങൾ വകയായി 1077 നമ്പർ സീവിൽകോടതികളിൽ ഫയലായിരിക്കുന്നു എന്നും മുൻസംവത്സരങ്ങളിൽ വിധിയായതും കൂടി 1588 വിധികൾ നടത്തിക്കിട്ടാൻ ഉണ്ടായിരുന്നു എന്നും കാണുന്നത് സംഘങ്ങൾക്കു യോഗ്യതയല്ല. ചിലസംഘങ്ങളുടെ ഇടയിൽ വേറെ ഒരു അഭിപ്രായം നടന്നുകാണുന്നുണ്ടു. സിവിൽകോടതിക്കു വ്യവഹരിപ്പാൻ പോകുന്നത് ഭംഗിയല്ല. സൎക്കാർനികുതി പിരിക്കുന്നതുപോലെ അംശത്തിലെ അധികാരിമുഖാന്തരം ജപ്തിയോ, വാറണ്ടോ അയച്ചുപണം പിരിപ്പിക്കാൻ അധികാരം കിട്ടണം. ഈ അധികാരം കിട്ടിപോയാൽ സംഘങ്ങൾ ജനങ്ങളുടെ വെറുപ്പിന്നുവേഗം പാത്രീഭവിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതിന്നും പു

റമെ വേറെ അനൎത്ഥങ്ങൾക്കും മററും ഇത കാരണമായിരിക്കും. നല്ലവണ്ണം ആലോചിച്ചു മെമ്പർമാരെ സംഘങ്ങളിൽ ചേൎക്കുന്നതാണെങ്കിൽ വ്യവഹാരത്തിന്നു ഇടവരുന്നതല്ല. സംഘം വ്യവഹാരത്തിന്നു പോകുന്നത് യോഗ്യതയല്ലെന്ന നല്ലവണ്ണം മനസ്സിലാക്കണം.

*** *** ***

പരസ്പരസഹായ സംഘങ്ങൾ വൎദ്ധിച്ചുവന്നതിന്നു കഴിഞ്ഞകൊല്ലം ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള അവർകളായിരുന്നു കാരണഭൂതനായതു. അദ്ദേഹത്തിന്റെ ഉത്സാഹവും മനോധൈൎയ്യവും പരസ്പരസഹായ തത്വത്തിലുള്ള വിശ്വാസവും കൊണ്ടാണു കഴിഞ്ഞകൊല്ലം നാട്ടുകാരുടെ ഇടയിൽ ഇത്രത്തോളം സംഘങ്ങൾ ഏൎപ്പെടുത്തുവാൻ ഇടയായതും അവ ഉന്നതസ്ഥിതിയെ പ്രാപിച്ചുവരുന്നതും എന്നു അതിശയോക്തി ഇല്ലാതെതന്നെ പറയാം. അദ്ദേഹത്തിന്റെ കാലത്താണു ഗവൎമ്മേണ്ടു ഉദ്യോഗസ്ഥന്മാൎക്കു പ്രത്യേകം സംഘങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ കല്പനആയതു. അതുപോലെതന്നെ പഞ്ചമന്മാൎക്കും, ക്രിസ്ത്യാനികൾക്കും പ്രത്യേകസംഘങ്ങൾ അദ്ദേഹമാണു മുമ്പിൽ ഏൎപ്പെടുത്തിയത്. സൎക്കാർ ഉദ്യോഗസ്ഥന്മാർ ഐക്യനാണയ സംഘങ്ങളിൽ മെമ്പർമാർ ആവുന്നതിന്നും മററും വിരോധമുള്ള നിശ്ചയങ്ങളുള്ളതിനാൽ അവൎക്കു പ്രത്യേകം സംഘങ്ങൾ എത്രയും ആവശ്യമാണു. മററുള്ള ജാതിക്കാർ മെമ്പർമാരായ സംഘങ്ങളിൽ പഞ്ചമന്മാർ ചേൎന്നാൽ ജാത്യാഭിമാനം കൊണ്ടും മററും പലതകരാറുകളും ഉണ്ടാവാനിടയുള്ളതിനാൽ അവൎക്കു പ്രത്യേകം സംഘങ്ങൾ ഏൎപ്പെടുത്തിയത് തല്ക്കാലം നന്നായിരിക്കുന്നു. എന്നാൽ പരസ്പരസഹായ സംഘങ്ങളുടെ മൂലമ



ന്ത്ര്യ സമത്വം ആയതുകൊണ്ടു ജാതി മതം ഇവ അനുസരിച്ചു പ്രത്യേകം പ്രത്യേകം സംഘങ്ങൾ സ്ഥാപിക്കുന്നതു ശരിയായ മാൎഗ്ഗമല്ല. അങ്ങിനെ സംഘങ്ങൾ സ്ഥാപിക്കുന്നതായാൽ ഇപ്പോൾ നടപ്പിലുള്ള ജാതിവ്യത്യാസങ്ങൾ വൎദ്ധിച്ചുവന്നു രാജ്യത്തിൽ ക്ഷോഭം ഉണ്ടാവുന്നതല്ലാതെ ക്ഷേമമായി പരിണമിക്കുന്നതല്ല. "All for each, Each for all" എന്ന തത്വത്തിൽ ഘോഷിക്കുംപ്രകാരം സംഘങ്ങളുടെ ഉദ്ദേശം എല്ലാവരും അന്യോന്യം സഹായിക്കുന്നതിന്നും സഹോദരഭാവേന എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപോലെ വിചാരിച്ചും 'വസുധൈവകുഡുംബകം' എന്നമഹാവാക്യത്തെ അനുസരിച്ചും നടക്കുന്നതിലേക്കാണു.

*** *** ***

നമ്മുടെ സംസ്ഥാനത്തിൽ പരസ്പരസഹായ സംഘങ്ങൾ വൎദ്ധിച്ച് നല്ലസ്ഥിതിയിൽ എത്തുവാൻ ദിവാൻ ബഹദൂർ സ്വാമികണ്ണുപിള്ള അവർകൾ വളരെ ഉത്സാഹിച്ചിരുന്നു. അദ്ദേഹം രജിസ്ത്രാർ ആയിരുന്ന കാലത്ത് പരസ്പരസഹായസംഘ ഡിപ്പാൎട്ടമെന്റ അടക്കാൻ പ്രയാസമുള്ള സൎക്കാർ ഡിപ്പാൎട്ടമെന്റുകളിൽ ഒന്നാണെന്നു ജനങ്ങൾക്കു തോന്നിക്കാത്ത വിധം അദ്ദേഹം നടത്തിയിരുന്നു. അനുദ്യോഗസ്ഥന്മാൎക്കു വളരെ അനുകൂലമായ വാക്കും അവരുടെ "കോഓപ്പറേറ്റിവ്" പ്രവൃത്തിക്കു വളരെ സഹായവും ചെയ്തു പിള്ള അവർകളോടു നാമെല്ലാവരും എപ്പോഴും കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്.

## പരസ്പരസഹായം.

പി. ജി. രാമയ്യർ, ബി.എ.,ബി.എൽ.

---

ദ്വിജൻതുടങ്ങിശ്വപചൻവരെക്കും
അജൻചമച്ചീടിനമർത്ത്യരെല്ലാം
സ്വജന്മസാഫല്യമിയന്നുധർമ്മ
ധ്വജംപ്രതിഷ്ഠിപ്പതിനർഹരത്രേ.

നിരർത്ഥകംജാതിമതാദിഭേദം
തിരസ്കരിച്ചീടുകനാട്ടുകാരേ!
പരസ്പരംപൂർണ്ണസഹായമേകി
സ്വരക്ഷനേടീടുകനന്മയോടെ.

ഇണങ്ങിയന്യോന്യസഹായമേകി
ഗുണങ്ങളെററീടുകസർവ്വരുംതാൻ
പിണങ്ങിയാൽനമ്മുടെഭാഗ്യവൃക്ഷ
മുണങ്ങിഹാഹന്തനശിച്ചുപോകും.

സഹായസംഘങ്ങൾനിമിത്തമുണ്ടാം
മഹാശുഭംനിങ്ങളറിഞ്ഞിരുന്നാൽ
സഹായമില്ലാതെകടത്തിൽമുങ്ങി
സ്വഹാനിയേല്ക്കാനിടയാകയില്ല.

മുടങ്ങിടാതേവരുമൈക്യസംഘം
തുടങ്ങുവിൻനാടഭിവൃദ്ധിയെല്ലാം
കടംക്രമത്തിൽകുറവായ്മനസ്സിൽ
സ്ഫുടംകതിക്കുംസുവിശാലധൈര്യം.

---



## മിത്രസ്സഹായം.

മ.രാ.രാ രാമവർമ്മരാജ ചിറക്കൽ വലിയരാജാവവർകൾ തിരുമനസ്സുകൊണ്ടു
എം. ആർ. ഏ. എസ്; എഫ്. ആർ. എച്ച്. എസ്.

---

മനുഷ്യൻ സ്വതവേ ഒരു മിത്രസ്സഹായ ജീവിയും, മനുഷ്യജീവിതത്തിലെ ശ്വാസവായു പരസ്പരസഹായവുമാണെന്ന് മഹാനുഭാവന്മാരായ പലരും പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രപഞ്ചച്ചെടിയുടെ മുരടായുള്ള പരസ്പരസഹായത്തെ, ലോകമൊട്ടുക്ക് ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ അനുസരിക്കുന്നുണ്ടെന്നുള്ളതും അനുഭവസിദ്ധമായ ഒന്നാണ്. പരസ്പരസഹായമാകുന്ന ഈ മഹാശക്തി അതിൻെറ നാനാ മുഖങ്ങളായ മഹിമകളെ സ്വയം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതും നാം എപ്പോഴും കണ്ടുവരുന്നുണ്ട്. പ്രവൃത്തിമയമായ പ്രപഞ്ചത്തിൽ മനുഷ്യരുടെ അപരിഹാര്യമായ ജീവിതയാത്രക്കുള്ള ഏകസാധനവും പരസ്പരസഹായമാകുന്നു. ലോകമൊട്ടുക്ക് തത്വോപദേഷ്ടാക്കളായിരുന്ന ഭാരതീയർ ആരാധിച്ചും അനുഷ്ഠിച്ചും കൊണ്ടിരുന്ന സനാതനമതവും പരസ്പരസഹായമാണ്. ഹിന്തുക്കളുടെ ബ്രഹ്മക്ഷത്രിയ വൈശ്യാദി ജാതിസ്ഥാപനകളും അവരുടെ പ്രവൃത്തിഭേദങ്ങളും മിത്രസ്സഹായമെന്ന ഏകതത്വത്തെ മാത്രം അടിസ്ഥാനപ്പെടുത്തീട്ടാണ് ഏർപ്പെടുത്തപ്പെട്ടിരിക്കുന്നതെന്ന ഏവനും അല്പം ആലോചിച്ചാൽ അറിയുവാനും കഴിയും. ഇത്ര വിശിഷ്ടമായ സനാതനമതത്തെത്തന്നേയാണ് പാശ്ചാത്യന്മാരും പലവിധത്തിലും സംസ്കരിച്ച് അനുഷ്ഠിച്ചുവരുന്നത്. എന്നാൽ പരസ്പരസഹായമെന്നതു ചിലർ വിചാരിക്കുംപോലെ ധനസംബന്ധമായോ, വാണിജ്യസംബന്ധമാ

യോ ഉള്ള ഒരുവെറും കൈമാററമാണോ. അല്ല നേരേമറിച്ച് അത് ഐഹികങ്ങളായ എല്ലാശ്രേയസ്സുകളേയും സമ്പാദിപ്പാനുള്ള ഏകസാധനമാകുന്നു.

പരാപരാത്മകനായ ലോകപിതാവിൻെറ പ്രിയസന്താനങ്ങളായ നാനാദേശനിവാസികളും തമ്മിൽ ഏകോദരത്വേന വർത്തിപ്പാൻ സാധിക്കുന്നതാകുന്നു മിഥസ്സഹായത്തിൻെറ പരമപ്രയോജനം. ഇതുകൊണ്ടുമാത്രമെ നാനാജാതിമതസ്ഥന്മാരുടെ ഭാവനകളേ പരസ്പരം ഘടിപ്പിച്ച് ഹൃദയംഗമമായ ഐക്യജീവിതത്തെ നിലനിൎത്തുവാൻ കഴിയുകയുള്ളൂ. ഇതിന്നുവേണ്ടിത്തന്നേയാണ് പരസ്പരസഹായത്തെ പലവിധമായ വ്യവസ്ഥകളോടും കൂടി ജനങ്ങൾ ആചരിച്ചുവരുന്നതും. പരസ്പരസഹായ വ്യവസ്ഥയില്ലെന്നിരിക്കിൽ ലോകത്തിൽ ജീവിക്കയെന്നതുതന്നെ തീരെ അസാദ്ധ്യമായിത്തീൎന്നുപോകും. പിന്നെ മററുള്ള കുഴപ്പങ്ങളുടേയും അസൌകൎയ്യങ്ങളുടേയും കഥപറയേണമൊ? പരസ്പരസഹായ വിചാരമെന്നിയെ ജീവജാലങ്ങൾക്ക് ചലിക്കുവാൻപോലും സാധിക്കയില്ലെന്ന് നമ്മുടെ ശരീരത്തിലുള്ള അവയവങ്ങൾതന്നെ നമ്മോടുപദേശിക്കുന്നില്ലേ? നമ്മുടെ കൈവിരലുകളെപ്പററി മാത്രം സ്വല്പം ഒന്നു ആലോചിച്ചുനോക്കുക. കൈവിരലുകളിൽ ഏതെങ്കിലുമൊന്നു തൻെറ ചങ്ങാതിമാരെ സഹായിപ്പാനൊരുങ്ങുന്നില്ലെന്നുവന്നാൽ നമ്മുടെ കുളിയും, ഊണും, എഴുത്തും, വായനയും എന്നുവേണ്ട നമ്മുടെസൎവ്വ തൊഴിലുകളും മുടങ്ങിപ്പോകുന്നു. ഒരു നാഴികമണി നടത്തിക്കേണമെങ്കിൽ ഒരു താക്കോലിൻേറയും എണ്ണയുടേയും മാറം ആവശ്യമായിവരുന്നു. യന്ത്രങ്ങൾ പ്രയോജനപ്പെടേണമെങ്കിൽ, തീ, വെള്ളം എന്നിവയുടെ സഹായം കൂടിയേതീരൂ. ഇങ്ങിനെയു



ള്ള അചൈതന്യവസ്തുക്കളുടെ സഞ്ചലനത്തിന്നു കൂടി അന്യോന്യസഹായം അത്യാവശ്യമായിരിക്കുന്ന സ്ഥിതിക്കു ധൎമ്മാൎത്ഥകാമമോക്ഷങ്ങൾ എന്നീപുരുഷാൎത്ഥങ്ങൾക്കു വേണ്ടി യത്നിക്കുന്ന വിശേഷബുദ്ധിയുള്ളമനുഷ്യർ പരസ്പരസഹായത്തെ ശ്രേഷ്ഠതരമായി ഗണിച്ചുപോരുന്നതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളത! ഉൽകൃഷ്ടജീവികളായ മനുഷ്യരുടെ ജീവിതോദ്ദേശം ഇന്നതാണെന്നുള്ള ജ്ഞാനം ഏതൊരുത്തനിൽ ഉജ്ജ്വലിക്കുന്നുവോ അവനിലാണ യഥാൎത്ഥമായ പരസ്പരസഹായം അതിൻെറ മഹിമയെ പ്രകാശിപ്പിക്കുന്നത്. ആകയാൽ അറിവുള്ളവരാരും മിഥസ്സഹായം ചെയ്യുന്ന ഉത്തമകൃത്യത്തിൽ വൈമനസ്യം കാണിക്കയില്ല. സമുദായപരിഷ്കരണത്തിൻെറപരമഫലവും ഇതാണ്. പരസ്പരസഹായംകൊണ്ട് ഇക്കാലം ജനങ്ങൾക്ക് സിദ്ധിക്കാവുന്ന സുഖസൌകൎയ്യങ്ങൾ ഒട്ടല്ല. പാശ്ചാത്യരാജ്യക്കാരുടെ ഇപ്പോഴത്തെ ഉൽഗതിക്കുള്ള പ്രധാനസംഗതിയും അതാണ്. എന്നാൽ പരസ്പരസഹായത്തെ അതിൻെറ സൎവ്വസാധാരണമായ അൎത്ഥത്തിൽ ശുഭശബ്ദങ്ങൾ പ്രയോഗിച്ച് വ്യാഖ്യാനിക്കുന്നതു കൊണ്ടു മാത്രം പോരാ. പരസ്പരസാഹായ്യം ചെയ്യാൻവേണ്ടിയുള്ള സംഘങ്ങൾ രാജ്യത്തിൽ അനേകം ഏൎപ്പെടുത്തുകയും ആവകസംഘങ്ങളെ ഉപയുക്തങ്ങളായ വ്യവസ്ഥകളാലും അനുഷ്ഠാനങ്ങളാലും നിയന്ത്രിക്കേണ്ടതും എത്രയും അത്യാവശ്യമാണ. ഇപ്രകാരം ഘടിപ്പിക്കുന്ന സംഘങ്ങൾക്കാകുന്നു പരസ്പരസഹായ സംഘങ്ങൾ എന്നു വിളിക്കപ്പെടുന്നത്.

(തുടരും)

# കടം.

പോത്തേരി കുഞ്ഞമ്പു.

എളിയവനും വലിയവനും ചിലപ്പോഴെങ്കിലും കടം വാങ്ങാതെകഴികയില്ല. എളിയവന്നു അവന്റെ അത്യാവശ്യങ്ങൾ നിവൃത്തിക്കാൻ, പലപ്പോഴും കടം വാങ്ങേണ്ടിവരുന്നു. വലിയവന്നു വലിയചിലകാൎയ്യങ്ങൾ നിവൃത്തിപ്പാനും അധികമധികം വസ്തുസമ്പാദിപ്പാനും ചിലപ്പോൾ നൂറോ ആയിരമോ ഉറുപ്പികയായി ഒരു വലിയതുകയായികെട്ടിവെച്ചു സഞ്ചികഴിക്കാതെ തല്ക്കാല ആവശ്യം നിവൃത്തിപ്പാനും എങ്കിലും കടം വാങ്ങേണ്ടിവരുന്നു. എന്തായാലും കടം ലൌകീകമായ കാൎയ്യങ്ങൾ നിവൃത്തിക്കേണ്ടതിന്നു ഒഴിച്ചുകൂടാത്തതായ ഒരു കാൎയ്യമാണ്. കടപ്പെടുന്നതു ഒരുവലിയ ലഘുത്വമായിട്ടാണവിചാരിക്കേണ്ടത്. എന്നാൽ അത് സൎവ്വസാധാരണയായിപ്പോയതുകൊണ്ടു അതിന്റെ ലഘുത്വം അറിയുന്നില്ല. കടം കൊടുക്കുന്ന ആൾ പലിശവാങ്ങുകയില്ലെങ്കിൽകടം വാങ്ങുന്നതിനെക്കൊണ്ടു വലിയവിഷമം ഇല്ലയായിരുന്നു. അപ്രകാരംതന്നെ കടം വാങ്ങുന്നആൾ നിശ്ചയിച്ചതവധിക്കു ശരിയായിട്ടും കൊടുത്തുവീട്ടുമെങ്കിൽ കടം കൊടുക്കുന്നതിലും വിഷമം ഇല്ലയായിരുന്നു. ഇതുരണ്ടും ആശിച്ചാൽ സാധിക്കുന്നകാൎയ്യമല്ല. പലിശകിട്ടുകയില്ലയെങ്കിലോ പലിശവാങ്ങാൻ പാടില്ലയെങ്കിലോ തന്റെ പെട്ടിയിലുള്ള പണം മറ്റൊരാൾക്കു ആരും കടം കൊടുക്കയില്ല. കടം കൊടുത്തപണം മടക്കികിട്ടുന്നതു പലപ്പോഴും പ്രയാസമാകയാലാണു കടം കൊടുക്കാനുള്ളമടി. പലിശകിട്ടുന്ന മോഹത്തിന്മേലാണു കടം കൊടുക്കാൻ ഉത്സാഹം വരുന്നത്. കടം വാങ്ങുമ്പോൾ ഉള്ള ആശ്വാസവും സന്തോഷവും കടം കൊ



ടുത്തുവീട്ടാനുള്ള കാലം വരുമ്പോൾ ഉണ്ടായികാണുന്നില്ല. നേരെമറിച്ചു കടക്കാരിയോടു വൈരവുംകൂടിവരുന്നു. ഈ വൈരത്തിന്നു ആധിക്യം വരുന്നതു പലിശയുടെ വീതത്തിന്നുള്ള ആധിക്യത്തിന്നു അനുസരിച്ചിട്ടാണു. പണം പലിശക്കുകൊടുക്കുന്നവർ നാനാവിധമായിട്ടുള്ള ഉപദ്രവം ചെയ്യാറുണ്ട്. ചിലപ്പോൾ ആ ഉപദ്രവവും നഷ്ടവും സഹിക്കവയ്യാത്തതിനാൽ പണം പലിശക്കു കൊടുക്കുന്നവരെ കടം വാങ്ങിയവർ കുലപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ടു. കടം വാങ്ങുന്നതും കൊടുക്കുന്നതും മനുഷ്യരുടെ ഇടയിൽ ഒഴിച്ചുകൂടാത്ത കാൎയ്യമാണെന്നു കാണുന്നു. എന്നാൽ കടം കൊടുക്കുന്ന സമ്പ്രദായം എന്നുവെച്ചാൽ, പലിശവാങ്ങുന്ന സമ്പ്രദായം, സഹിക്കാൻ കഴിയാത്തതായ അത്രകഠിനമായും നീചമായും ഉള്ള മാതിരിയിലാക്കിത്തീൎത്തു കുലപാതകത്തോളം വരാവുന്ന കുറ്റത്തിലേക്കു മനുഷ്യരെചാടിക്കുന്നതായും കാണുന്നു. ഇവിടെയാണ് ബുദ്ധിയുള്ളവർ നിവൃത്തിമാൎഗ്ഗത്തെ ആലോചിക്കേണ്ടത്.

കടം വാങ്ങുന്നവർ ചുരുങ്ങിയ പലിശകൊടുപ്പാൻ ഇടയായാൽ അവൎക്കു ഭാരം അത്രഉണ്ടാകയില്ല. ഒരുങ്ങുന്ന ഒരുങ്ങുന്ന പണം കടക്കാരിവാങ്ങി കടത്തിലേക്കു വകവെക്കുമെങ്കിൽ ഭാരം അതിലധികം ചുരുങ്ങി. കടം വാങ്ങിയാൽ അത് കൊടുത്തുവീട്ടേണമെന്നുള്ള വിചാരവും ഉത്സാഹവും ഉണ്ടായാൽ ഭാരം പിന്നെയും ചുരുങ്ങി. അങ്ങിനെ ഉത്സാഹിപ്പിക്കുവാൻ തന്നെപ്പോലെയുള്ള ചങ്ങാതികൾ ഉണ്ടായാൽ എങ്ങിനെയെങ്കിലും ആ കടം കൊടുത്തുതീൎന്നുപോകും. അപ്പോൾ ഭാരം നാമാവശേഷമായി. പണയം വെക്കാൻ വസ്തുഇല്ലാത്തവനും ചുരുങ്ങിയ പലിശയിന്മേൽ പണം കടം കിട്ടു

മെങ്കിൽ ഒഴിച്ചുകൂടാത്ത ആവശ്യം നിവൃത്തിക്കാൻ കഴിയാതെ അവൻ ഉഴന്നുപോകയില്ല. പണയം വെക്കാൻ വസ്തുഇല്ലാത്തവന്നു പണം കടം കിട്ടേണ്ടികിൽ അവന്റെ സത്യത്തേയും മൎയ്യാദയേയും ആണ അവൻ പണയം വെക്കേണ്ടത. അത എങ്ങിനെയെന്നാൽ അവനെ പോലെയുള്ള അവന്റെ ചങ്ങാതികളെ ജാമ്യം നിൎത്തി പണം കടം വാങ്ങുക തന്നെ. ഒന്നിച്ചുനിന്നു വേലചെയ്യുക, ഒന്നിച്ചിരുന്നു ഊണോ പലഹാരമോ കഴിക്കുക, ഒന്നിച്ചിരുന്നു നേരംപോക്കു പറഞ്ഞുകഴിക്കുക, ഒന്നിച്ചു സന്തോഷങ്ങളിലും സങ്കടങ്ങളിലും പങ്കുകൊള്ളുക, ഇങ്ങിനെയുള്ള ചങ്ങാതികളെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്നപോലെ ഒരു മനുഷ്യൻ രാജാവിനെക്കൂടി സ്നേഹിക്കുകയോ ഭയപ്പെടുകയോ ഉണ്ടാകയില്ല. അങ്ങിനെയുള്ള ചങ്ങാതികൾ ജാമ്യം നിന്നു ചുരുങ്ങിയ പലിശക്കു പണം കടം വാങ്ങിതരുടിയന്തരമായ കാൎയ്യങ്ങൾ നിവൃത്തിക്കാമെന്നു സംഗതിവന്നുകൂടിയാൽ നാട്ടിലുള്ള ദാരിദ്ര്യവും കഷ്ടപ്പാടും ഒഴിവാനും ജനസമുദായത്തിൽ പരക്കെ ധനവൃദ്ധി ഉണ്ടാകുവാനും ഇതിൽ കവിഞ്ഞു് ഒരു വഴിയില്ല. ഈ മേൽപറഞ്ഞ എല്ലാ ആവശ്യങ്ങളും ഐക്യനാണയ സംഘം കൊണ്ടു വന്നുകൂടുന്നു. എളിയവന്നും വലിയവന്നും ആ സംഘത്തിൽ അംഗമായിചേരാം. ചുരുങ്ങിയ പലിശക്കു് വലിയവന്നു കടം കിട്ടുമ്പോലെ എളിയവന്നും കടംകിട്ടും. ചങ്ങാതികൾ അന്യോന്യം സഹായിക്കുന്നുള്ള അവസരം കിട്ടുന്നു. അതുനിമിത്തം സ്വാഭിമാനം വൎദ്ധിക്കുന്നു. കടം വാങ്ങിയവൻ ദുൎവ്യയക്കാരനാണെങ്കിൽ ദുൎവ്യയസ്വഭാവം വി[illegible]ത്തി കടം വീട്ടുവാൻ ശ്രദ്ധവെക്കുന്നതിന്നു് അവന്റെ ജാമ്യക്കാരായ ചങ്ങാതികൾ എപ്പോഴും സൂക്ഷിക്കുന്നു. ഉപദേശിക്കുന്നു. തരംതെറ്റവന്നുണ്ടെന്നു കാണുമ്പോൾ കടപ്പെട്ട



വനെ നേർവഴിയിൽ കൊണ്ടുവരുവാനുള്ള എളുപ്പമാൎഗ്ഗം അവൎക്കു നല്ലവണ്ണം അറിയാം. കോടതിയിൽ വരാതെയും പരസ്യമായി ജനങ്ങൾ അറിയാതെയും കടം എങ്ങിനെയെങ്കിലും വീട്ടിപ്പോവാൻ സംഗതിവന്നുകൂടുന്നു. ചിലവചുരുക്കി കടംവീട്ടുന്ന സ്വഭാവത്തിന്റെ രുചി ഒരിക്കൽ ഒരുവൻ അറിഞ്ഞാൽ അവന്നു ഈ ലോകത്തു് ആപത്തിൽനിന്നു മോക്ഷം സിദ്ധിച്ചു. അതുകൊണ്ടു് എല്ലാപുരുഷന്മാരും എല്ലാ സ്ത്രീകളും ഏതെങ്കിലും ഐക്യനാണയസംഘത്തിൽ ചേരുവിൻ— അന്യോന്യം സഹായിക്കുവിൻ— അധികമായ പലിശവാങ്ങി നാടുമുടിക്കുന്ന ദുഷ്ടജനങ്ങളെ നാട്ടിൽനിന്നു ഓടിക്കുവിൻ— അഥവാ അവരെ ഈ മാൎഗ്ഗംകൊണ്ടു് നന്നാക്കുവിൻ.

---

## ബഹുമാനപ്പെട്ട രാമചന്ദ്രറാവു അവൎകളുടെ പ്രസംഗം.

---

വളരെകാലം പരസ്പരസഹായസംഘം ഡിപ്പാൎട്ടമെണ്ടു് റജിസ്ത്രാരായി സംഘങ്ങൾ അനവധി സ്ഥാപിച്ചു് തദ്വിഷയത്തിൽ പരിചയം സാധാരണയിലധികമുള്ള മദ്രാസ് ഗവൎമ്മെണ്ടു് സിക്രട്ടരി ദിവാൻബഹദൂർ, ആർ. രാമചന്ദ്രറാവു് മൈസൂർ കോഓപ്പറേട്ടിവ് കോൺഫെറൻസിൽ ചെയ്ത പ്രസംഗത്തിൽ സാരമായ ഒരംശത്തിന്റെ തൎജ്ജമ താഴെ ചേൎത്തുകൊള്ളുന്നു:—

പരസ്പരസഹായസംഘങ്ങൾ നമ്മുടെ നാട്ടുകാൎക്കു് പണം എടവാടു് ചെയ്യുന്നതിന്നുപുറമെ അനവധി ഗുണങ്ങൾക്കു് കാരണമായി ഭവിക്കുന്നു. സംഘങ്ങളെ ആക്ഷേപിക്കുന്ന ജനങ്ങളും ഉണ്ടു്. സംഘങ്ങൾ സ്ഥാപിക്കുന്നവർ പരിഷ്കാരികളായ സ്വാൎത്ഥികളാണെന്നും, പണക്കാൎക്കു് നഷ്ടം

വരാതിരിക്കത്തക്കവണ്ണം അവരുടെ പണത്തെ മൎയ്യാദപലിശയിന്മേൽ സക്കാർ മേലന്വേഷണത്തിൽ നടത്തിവരേണ്ടുന്ന ബേങ്ക് (credit society) മാതിരി സംഘങ്ങൾ ഏൎപ്പെടുത്തിവരുന്നതാണെന്നും മററും നമ്മുടെ വിരോധകക്ഷികൾ ആക്ഷേപിക്കാറുണ്ട്. ആരെന്തുപറഞ്ഞാലും സംഘത്തിൽ ചേരുന്നവൎക്ക് നല്ല നടവടി ഒന്നാമതായി പഠിയാറുണ്ട്. അവരുടെ സ്വഭാവവും പ്രവൃത്തിയും നന്നാവാറുണ്ട്. സംഘത്തിൽ ചേരുന്ന ഒരു ധനികൻ ഒന്നാമതായി ഉദ്ദേശിക്കേണ്ടത്, തനിക്കു ബുദ്ധിമുട്ട് വരുന്നസമയത്ത് പണം ചുരുങ്ങിയ പലിശയിൻ കിട്ടേണമെന്നല്ല. തന്റെ പണത്തിന്റെ ശക്തികൊണ്ട് നിർധനനായ ഒരു സാധുവിന്ന് ആവശ്യമുള്ള സമയത്തിൽ പണം വാങ്ങികൊടുപ്പാനും, അങ്ങിനെ വളരെ സാധുക്കളുടെ ബുദ്ധിമുട്ട് നിവൃത്തിക്കാനുമാണ് ഒരു പണക്കാരൻ സംഘത്തിൽ അംഗമായി ചേരേണ്ടത്. ഈവിധം പരസ്പരസഹായമുണ്ടെങ്കിൽ മാത്രമെ ഒരു ഐക്യനാണയസംഘത്തിന്ന് ബഹുമതി ഉള്ളൂ. അധികം മെമ്പർമാർ ചേരുന്നതിനേക്കാളും, അധികം പണംഎടവാടുചെയ്യുന്നതിനെക്കാളും ഒരു സംഘത്തിന്റെ ശ്രേയസ്സ് അതിലുള്ള പണക്കാരായ മെമ്പർമാർ സാധുക്കളായ മെമ്പർമാരെ സഹോദരസ്നേഹത്തോടെ ആദരിച്ച് അവൎക്ക് ബുദ്ധിമുട്ട് നേരിടുന്ന സമയത്ത്, അവരുടെ പണശക്തിപ്രകാരം ദരിദ്ര മെമ്പർമാരെ സഹായിക്കുന്നതിലാണ്. സമയം സാമാന്യത്തിലധികം സ്വാധീനമുള്ള മെമ്പർമാർ കഴിയുന്നേടത്തോളം സാധുക്കളായ മെമ്പർമാരുടെ ഉന്നതിക്കുവേണ്ടി ചെലവചെയ്യേണ്ടതാണ്. സമയത്തിന്റെ വില അധികം അറിയുന്ന ആൾ നമ്മുടെ രാജ്യത്തിൽ ഇല്ല. പരസ്പര



സഹായസംഘം നന്നായി നടക്കുന്നു എന്ന് എന്നോട് ഒരാൾ പറഞ്ഞാൽ, ഉടനെ ഞാൻ സംഘത്തെപററി ഈവിധം ചോദ്യങ്ങൾ ചോദിക്കും:—

സംഘത്തിലുള്ള മെമ്പർമാർ കടം വാങ്ങുന്ന പണത്തെ എന്താവശ്യത്തിലേക്ക് ഉപയോഗപ്പെടുത്തുന്നു? പണംകൊണ്ട് കൃഷി, വ്യവസായം, കച്ചവടം മുതലായ പ്രവൃത്തികൾക്ക് അവർ ഉദ്യമിക്കുന്നുണ്ടോ? പണം വൎദ്ധിക്കേണ്ടുവിധത്തിൽ കടംവാങ്ങിയ പണത്തെ അവർ ചിലവചെയ്യുന്നുണ്ടോ? അന്യോന്യം സഹായിക്കേണമെന്നുള്ള വിചാരം മെമ്പർമാരുടെ ഇടയിൽ വൎദ്ധിക്കുന്നുണ്ടോ? പൊതുജനങ്ങളുടെ കാൎയ്യം അവരവരുടെ സ്വന്തം കാൎയ്യമാണെന്നുള്ള അഭിപ്രായം മെമ്പർമാരുടെ മനസ്സിലുണ്ടോ? സംഘത്തിൽപെട്ട ജനങ്ങളുടെ ഇടയിൽ അസൂയ, സാധുദ്വേഷം, മുതലായവകൊണ്ട് ചിലൎക്ക് കഷ്ടം നേരിടുന്ന അവസരത്തിൽ മററുള്ള മെമ്പർമാർ അവരോടു സഹതപിച്ച് ദ്വേഷികളോട് വിരോധം നടിക്കാറുണ്ടോ? അങ്ങാടിയിൽ വ്യാപാരം ചെയ്യുന്ന കച്ചവടക്കാരൻ അധികലാഭം മോഹിച്ച് സാമാനങ്ങൾ വാങ്ങുന്നതിലും വില്ക്കുന്നതിലും ഗ്രാമക്കാരെ തോല്പിക്കുമ്പോൾ, മെമ്പർമാർ സംഘംവകയായി കോഓപ്പറേറ്റിവ് 'Purchase'നും 'Sale'നും ഒരുങ്ങുന്നുണ്ടോ? പൊതുജനങ്ങൾക്ക് ചേൎന്നതായ കുളം, അമ്പലം മുതലായവ നല്ലസ്ഥിതിയിലുണ്ടോ? ബുദ്ധിയും പഠിപ്പും പണവുംഉള്ള മെമ്പർമാർ ബുദ്ധിഹീനന്മാരും ദരിദ്രരുമായ മെമ്പർമാരോടു സഹോദരസ്നേഹം ഭാവിച്ച് അവരുടെ കഷ്ടാവസ്ഥയിൽനിന്നു ഒരു മോചനം നല്കുന്നതിന്ന്‌വേണ്ടി ഉത്സാഹിക്കുന്നവരാണോ? രാത്രി സ്കൂളുകൾ അവർ സ്ഥാപിക്കുന്നുണ്ടോ? "മാജിക് ലാ

ൻടേൺ" ബയസ്കോപ്പ് മുതലായത് ഉപയോഗിച്ച് നാട്ടുകാൎക്ക് അറിവും ജ്ഞാനവും വൎദ്ധിപ്പാൻ അവർ യത്നിക്കുന്നുവോ? പൊതുജനങ്ങൾക്ക് മനസ്സിലാകത്തക്കവിധം ചെറിയ പുസ്തകങ്ങൾ, മാസികകൾ അവരുടെ ഇടയിൽ നടപ്പുണ്ടോ? നാട്ടിൽ കുടി കുറഞ്ഞുവോ? സംഘത്തിലുള്ള മെമ്പർമാർ കുടി പാടില്ലെന്ന് നല്ലവണ്ണം പറഞ്ഞ മനസ്സിലാക്കാറുണ്ടോ? വ്യവഹാരതൃഷ്ണ അവരുടെ ഇടയിൽ കുറഞ്ഞുവരുന്നുണ്ടോ? പരസ്പരസഹായസംഘങ്ങളുടെ മാഹാത്മ്യം കാണേണ്ടത് സംഘങ്ങൾ അനവധി സ്ഥാപിക്കുന്നതിലല്ല, ലക്ഷോപലക്ഷം ഉറുപ്പിക സമ്പാദിക്കുന്നതിലല്ലാ, കൊട്ടാരംപോലെയുള്ള കെട്ടിടങ്ങൾ നിൎമ്മിക്കുന്നതിലല്ലാ; അവയുടെ മാഹാത്മ്യവും യോഗ്യതയും കണ്ടറിയേണ്ടത് നാട്ടുകാരുടെ ഇടയിൽ സമുദായസ്നേഹം വൎദ്ധിച്ചുവരുന്നതിലും ജാതിമത വ്യത്യാസങ്ങളെ അനാദരിച്ച് മെമ്പർമാർ സമത്വം ഭാവിക്കുന്നതിലുമാണ്. പരസ്പരസഹായം എന്നത് മനുഷ്യന്ന് ഈശ്വരനിൽനിന്ന് സിദ്ധിച്ച ഒരു പ്രത്യേക ദിവ്യൌഷധമെന്ന് നാം കരുതേണ്ടതാണ്.

---

## ഒരു ഐക്യസംഘം സ്ഥാപിക്കുന്നതു എങ്ങിനെ.

സി. കരുണാകരമേനോൻ ബി.എ.

---

പത്തിൽകുറയാതെ ജനങ്ങൾ ഒന്നിച്ചുകൂടി ഒരു ഹരജി ബോധിപ്പിച്ചാൽ ഒരു ഐക്യസംഘം സ്ഥാപിച്ചുകിട്ടുന്നതാകുന്നു. ഈ വക ഹരജികൾ കോഴിക്കോട്ടുള്ള ഐക്യസംഘം അസിസ്റ്റാണ്ടരജിസ്ട്രാർ അവർകൾക്കു അയക്കുന്നതാണ ഉത്തമം. ഏതെങ്കിലും ഒരു സ്ഥലത്തിന്നു സമീപത്ത്, ഒരു ഐക്യസംഘം യൂണിയൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ഈ



വക അപേക്ഷകൾ ആ വക യൂണിയൻ ആപ്പീസിലേക്കും അയക്കാം. ഇപ്പോൾ പെരിന്തൽമണ്ണയിലും, കണ്ണൂരിലും ഐക്യസംഘയൂണിയൻ സ്ഥാപിച്ചിട്ടുണ്ട. അതുകൊണ്ട ആ ദിക്കുകാരുടെ അപേക്ഷകൾ ഈ യൂണിയൻ ആപ്പീസിലേക്കയക്കണം. അപേക്ഷകൾ കിട്ടിക്കഴിഞ്ഞാൽ ഹരജിക്കാൎക്ക് ഒരു ഐക്യസംഘംകൊണ്ടുനടക്കേണ്ടതിന്നുള്ള പ്രാപ്തിയുണ്ടോ എന്ന അന്വേഷണം നടത്തിയശേഷം ഈ അപേക്ഷക്കാരെ ഒരു ഐക്യസംഘമായി റജിസ്റ്റ്രചെയ്യും. ഇതുകഴിഞ്ഞാൽ പിന്നെ ഈ ഹരജിക്കാരും പിന്നെക്കൂടുന്നവരും യോഗംകൂടി തങ്ങളിൽനിന്നു അഞ്ചുപേരെക്കൂട്ടിച്ചേൎത്ത് ഒരു പഞ്ചായത്ത് തെരഞ്ഞെടുക്കണം. ഇവരിൽ ഒരാളെ പ്രസിഡണ്ടായും ഒരാളെ സെക്രട്ടേരിയായും പഞ്ചായത്തുകാർ തെരഞ്ഞെടുക്കും. പിന്നെ സംഘംവക സകല കൈകാൎയ്യങ്ങളും കൊണ്ടുനടത്തുവാനുള്ള അധികാരം ഈ പഞ്ചായത്തുകാൎക്കായിരിക്കും. ഇവർ ചെയ്യുന്ന പ്രവൃത്തികളെല്ലാം സംഘത്തിലെ സകല മെമ്പർമാൎക്കും ബാധകമായിരിക്കുകയും ചെയ്യും.

സംഘത്തിന്റെ പ്രഥമോദ്ദേശം മെമ്പർമാരുടെ ഇടയിൽ മിതവ്യയത്തെയും, സ്വാശ്രയത്തെയും വൎദ്ധിപ്പിക്കുകയും ചുരുക്കം പലിശക്കു ദ്രവ്യംകിട്ടുവാൻ മാൎഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ആകുന്നു.

ഒരു സംഘം സ്ഥാപിച്ചാൽ അതിൽ മെമ്പർ ആയിച്ചേരുവാൻ ഉദ്ദേശിക്കുന്നവർ പഞ്ചായത്തുകാരുടെ മുമ്പാകെ ഒരു അപേക്ഷചെയ്യണം. എല്ലാമെമ്പർമാരും ചുരുങ്ങിയത ഒരു ഓഹരിയെങ്കിലും എടുക്കണം. സാധാരണയായി ഒരു ഓഹരിക്കു ഒരുറുപ്പികയാണ. ചിലസംഘങ്ങളിൽ

രണ്ടുറുപ്പികയും, പത്തുറുപ്പികയും ഓഹരിയുടെ വിലയായി നിശ്ചയിച്ചു കാണുന്നുണ്ട. ഓരോരോഹരിക്കു നിശ്ചയിച്ചിരിക്കുന്ന വിലക്കുപുറമെ സാധാരണയായി 4ണ. പ്രവേശനപ്പീസ്സും കൊടുക്കണം. യാതൊരാൾക്കും തന്നെ ഒരു സംഘത്തിൽ മെമ്പറായിചേൎന്നു കൊള്ളണമെന്നു നിൎബ്ബന്ധിക്കുവാൻ പാടില്ല. യാതൊരു അപേക്ഷക്കാരനെയും യാതൊരു കാരണവും പറയാതെ ഒരു സംഘത്തിൽ മെമ്പറാക്കുവാൻ മനസ്സില്ലെന്നു പറവാൻ പഞ്ചായത്തുകാൎക്ക് അധികാരമുണ്ടു.

ഒരു മെമ്പറായിചേൎന്നാൽ 50ക: വരെ സംഘത്തിൽനിന്നു കടം വാങ്ങാവുന്നതും 100ക. വരെ ജാമ്യം നില്ക്കാവുന്നതും ആകുന്നു. ഇത് ഓരോരോഹരിയിന്മേൽ ആണ. ഒരാൾക്കു 100ക. കടം വാങ്ങേണമെങ്കിൽ രണ്ടു ഓഹരിഎടുക്കേണം. പണ്ടം പണയത്തിന്മേൽ കടം കൊടുപ്പാൻപാടില്ല. മെമ്പൎമാരുടെ ജാമ്യത്തിന്മേലൊ, ഇളകാത്തസ്വത്ത പണയത്തിന്മേലൊ കടം കൊടുക്കാം. മെമ്പർമാരല്ലാത്തവൎക്കു കടം വാങ്ങുവാനോ ജാമ്യംനില്പാനൊ പാടില്ല.

ഒരു സംഘംസ്ഥാപിച്ചു കഴിഞ്ഞാൽ അതിലെ മെമ്പറമാരിൽ ഓരോരുത്തൎക്കും എത്ര സ്വത്തുണ്ടു എന്നുകാണിക്കുന്ന ഒരു പട്ടികതെയ്യാറാക്കും.

ഒരു സംഘം സ്ഥാപിക്കുന്നവരെയുള്ള നടവടിയെപ്പറ്റിപ്പറഞ്ഞുവല്ലൊ. ഇനി ഒരു സംഘത്തിന്നു വേണ്ടുന്ന ദ്രവ്യം എവിടെനിന്നാണ കിട്ടുക എന്നുപറയാം. ഈ വക സംഘങ്ങൾക്കു വേണ്ടുന്നദ്രവ്യം സാഹായിക്കേണ്ടതിന്നായി പ്രത്യേകം ഐക്യസംഘം ജില്ലാബേങ്കുകൾ സ്ഥാപിച്ചിട്ടുണ്ട. ഈ തരത്തിൽ ഒരു ബേങ്ക് നമ്മുടെ ജില്ലയുടെ ഉപയോഗ



ത്തിന്നായി കഴിഞ്ഞ ഡിസെമ്പർ മാസത്തിൽ കോഴിക്കോട്ടു സ്ഥാപിച്ചിരിക്കുന്നു. നാട്ടുപുറത്തുള്ള സംഘങ്ങൾ വാങ്ങുന്നകടത്തിന്നു ആ സംഘത്തിലെ മെമ്പർമാരുടെ സകല സ്വത്തും ചാൎജ്ജായിരിക്കുന്നതാകുന്നു. ഇതഎത്രയൊ ആവശ്യമായ ഒരു നിബന്ധനയാകുന്നു. ഈ നിശ്ചയം ചെയ്തിരിക്കുന്നതിനാലാണ ഐക്യസംഘങ്ങൾ ഇത്രഉന്നതസ്ഥിതിയിൽ എത്തിയിരിക്കുന്നത. ഈ ഒരു ബാദ്ധ്യതയില്ലെങ്കിൽ മെമ്പർമാർ തമ്മിൽ ഐക്യവും ദുൎവ്വിഷയത്തിൽ നടക്കുന്നത നിൎത്തൽചെയ്യാനുള്ള ഉത്സാഹവും ഉണ്ടാവുകയില്ല. ക്ലിപ്തപ്പെടുത്താത്ത ബാദ്ധ്യത എന്നാണ് ഇതിന്ന് പറയുക. ഇങ്ങിനെ ക്ലുപ്തപ്പെടുത്താത്ത ബാദ്ധ്യത വെച്ചതുകൊണ്ട്, ഹിമവൽസേതു പൎയ്യന്തം വ്യാപിച്ചുകിടക്കുന്ന യാതൊരു സംഘത്തിലെ മെമ്പർമാൎക്കും യാതൊരു നഷ്ടവും ഇതുവരക്കും വന്നിട്ടുംഇല്ല. വല്ല സംഘത്തിന്റെയും കൈകാൎയ്യം തൃപ്തികരമല്ലെന്നുകണ്ടാൽ, ഉടൻതന്നെ ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാർ ആ കേടുപാടുകൾ തീൎപ്പാനുള്ള നിവൃത്തിമാൎഗ്ഗങ്ങൾ നോക്കുന്നതാകുന്നു. മുൻവിവരിച്ച ജില്ലാബാങ്കുകളിൽനിന്നു ഓരോ സംഘത്തിന്നുവേണ്ടുന്ന ദ്രവ്യം അവസ്ഥാനുസരണം കടംകൊടുക്കുന്നതാകുന്നു. ഇതിന്നു ലക്ഷ്യമായി, പഞ്ചായത്തുകാർ, ഒരു പ്രോനോട്ട് ഒപ്പിട്ടു റജിസ്ത്രാക്കികൊടുക്കണം. ഐക്യസംഘങ്ങൾ ചെയ്തുകൊടുക്കുന്നതായ യാതൊരു രേഖക്കും മുദ്രവിലയൊ, റജിസ്ത്രഫീസ്സൊ അടക്കേണ്ടതില്ലെന്നും ഗവൎമ്മേണ്ടു കല്പിച്ചിരിക്കുന്നു. ജില്ലാബാങ്കിൽനിന്നു വാങ്ങുന്ന കടത്തിന്ന് നൂററിന്നു കൊല്ലത്തിൽ $7\frac{1}{2}$ക. പ്രകാരം പലിശയും കൊടുക്കണം. ഈ ദ്രവ്യം സംഘങ്ങൾ പലിശക്കു കൊടുക്കുന്നതു ഉറുപ്പികക്കു മാസത്തിൽ $1\frac{1}{2}$ പൈ പ്രകാരമാകുന്നു. എന്നുവെച്ചാൽ, നൂറുറുപ്പികക്ക് കൊല്ല

ത്തിൽ 9 ക. യിൽ കുറച്ചധികം മാത്രമാണ് പലിശ. 10ക.
തികയുന്നതല്ല. ഇതു സാധുക്കൾക്ക് എത്ര ഉപകാരമാണ്.
എന്നു മാത്രമല്ല, ഒരുവൻ 50ക. കടംകൊടുപ്പാനിരിക്കുമ്പോ
ൾ ഒരു ഉറപ്പികയായി കൊടുത്താലുംകൂടി ഐക്യസംഘങ്ങ
ൾ സ്വീകരിക്കുന്നതാകുന്നു. ഐക്യസംഘങ്ങളുടെ കാൎയ്യമാ
യ ശ്രമം എങ്ങിനെയെങ്കിലും കടക്കാരെ അവരുടെ ഋണ
ബന്ധനത്തിൽനിന്നു മോചനംചെയ്യേണമെന്നാകുന്നു. ക
ടം വാങ്ങുന്നതിന്നു ലക്ഷ്യമായി അച്ചടിഫാറത്തിലുള്ള ആ
ധാരങ്ങളിൽ ഒപ്പിട്ടുകൊടുക്കണം. സ്ഥാവരസ്വത്ത പണയം
കൊടുക്കാത്തകാൎയ്യങ്ങളിൽ സംഘത്തിലെ മെമ്പർമാരായ ര
ണ്ടുപേരെ ജാമ്യവുംകൊടുക്കണം. എന്നാൽ ഒരു കാൎയ്യത്തി
ൽ വലിയ നിഷ്കൎഷയുണ്ട്. അടക്കേണ്ടുന്ന സംഖ്യ കൃത്യസ
മയത്ത് അടക്കാഞ്ഞാൽ വലിയ ആക്ഷേപമാവും എന്നുമാ
ത്രമല്ല ഉറപ്പിക ഒന്നക്ക് രണ്ടു പൈകണ്ടു പിഴയായി അധി
കപ്പലിശ അടക്കേണ്ടിയുംവരും. ഒരു സംഘം വെടിപ്പായി ന
ടക്കേണമെങ്കിൽ മെമ്പർമാരുടെ എണ്ണം കഴിയുന്നത്ര കുറ
ക്കുന്നതാകുന്നു നല്ലത്. ഒരു നൂറു മെമ്പർമാരും 5000ക. യുടെ
എടപാടുംആയാൽ നല്ലമാതിരിയിൽ നടത്തുവാൻ കഴിയും.

ഇപ്പോൾ പല പഴയ സംഘങ്ങളിലും രണ്ടുമൂന്നു
അംശങ്ങളിലെ നിവാസികളെ മെമ്പർമാരായി ചേൎത്തുകാ
ണുന്നുണ്ടു. ഇതുകൊണ്ടു വളരെ ബുദ്ധിമുട്ടും കാണുന്നുണ്ടു.
അന്യഅംശക്കാരായാൽ തമ്മിൽ കണ്ടു പരിചയത്തിന്നു
അവസരം കുറഞ്ഞുവരികയാണ് കണ്ടുവരുന്നത്. അതു
കൊണ്ടു എന്റെ അഭിപ്രായം മലയാളത്തിലെ ഓരോ ദേശ
ത്തിലും ഓരോ സംഘങ്ങൾ സ്ഥാപിക്കുന്നതായിരിക്കും ഉത്ത
മം. സംഘത്തിലെ പഞ്ചായത്തുമെമ്പർമാർ എടുക്കുന്ന പ്രവൃ



ത്തിക്കു യാതൊരു പ്രതിഫലവും വാങ്ങുവാൻ പാടില്ല. ത
ങ്ങളുടെ സമസൃഷ്ടികളെ ഋണത്തിൽനിന്നു മോചനംചെയ്യു
ന്നതിൽ കിട്ടുന്ന പുണ്യംമാത്രമാണ് ഈവക സംഘങ്ങളിൽ
പ്രവൃത്തി എടുക്കുന്നവൎക്ക് ദൈവത്തിൽനിന്നു കിട്ടുന്നകൂലി.
ഇത്ര പരോപകാരമായ യാതൊരു പ്രവൃത്തിയിലും ചേരുവാ
നായി എനിക്കു ഭാഗ്യമുണ്ടായിട്ടില്ല.

ഐക്യസംഘങ്ങൾ നാട്ടിൽ നിറഞ്ഞാൽ നമുക്കു ഐ
കമത്യം വൎദ്ധിക്കുകയും സുഖമായി കഴിയുവാൻ മാൎഗ്ഗങ്ങൾ വ
ൎദ്ധിക്കുകയും ചെയ്യും. പണത്തിന്റെ മുട്ട് ഉണ്ടാവുന്നതു
മല്ല.

ഇതുവരെക്കും ഞാൻ പണം കടംകൊടുക്കുവാനുള്ള
സംഘങ്ങളെപ്പററിയെ പ്രസ്താവിച്ചിട്ടുള്ളു. ഐക്യസംഘ
ങ്ങൾ മുഖേന പല കാൎയ്യങ്ങളും നമുക്ക് സാധിക്കാം. ഏ
കന്മാരായി പ്രവൃത്തിച്ചാൽ അസാദ്ധ്യമായ്ത് ഒത്തൊരുമിച്ചു
കൂടി ഐക്യസംഘങ്ങൾ സ്ഥാപിച്ചാൽ സുസാദ്ധ്യമായി
ത്തീരുന്നതാകുന്നു. അതുകൊണ്ട് എല്ലാവരും ഐക്യസം
ഘങ്ങൾ വൎദ്ധിപ്പിക്കുവാനും അവയെ ഉത്തമരീതിയിൽ നട
ത്തിപ്പാനും വേണ്ടുന്ന ശ്രമങ്ങൾ ചെയ്വാൻ അപേക്ഷിക്കുന്നു.

## കണ്ണൂര്നഗര പരസ്പരസഹായസംഘം.

(കാരായികൃഷ്ണൻ, സിക്രട്ടേരി.)

ഈ സംഘം 1915 മെയി 24-ാംനു- കൂടിയ സഭയി
ൽവെച്ചു ഒന്നാമത് പ്രവൃത്തി ആരംഭിച്ചു. ആ സഭയിൽ
നാഥനായിരുന്നത് തദ്ദേശവാസിയായി പ്രഖ്യാതനായി പ
രേതനായ പൂവാടൻ രാമൻവക്കീലവൎകളുടെ മകനും ഇ
പ്പോൾ കത്തിയവാർ ഡിപ്പ്യൂട്ടി അസിസ്റ്റാണ്ടു പൊലിററിക്കു

ൽ ഏജണ്ടുമായ മിസ്റ്റർ പി. ഗോവിന്ദൻ ആയിരുന്നു. അന്നു കോഓപ്പറേറ്റിവ് അസിസ്റ്റാണ്ട് റജിസ്ത്രാർ പി. കെ. കുഞ്ഞുണ്ണിമേനോൻ അവർകളും സന്നിഹിതനായിരുന്നു.

അന്ന് സംഘത്തിൽചേൎന്ന അംഗങ്ങൾ പത്തും അവർ എടുത്ത ഓഹരി പന്ത്രണ്ടും മാത്രമായിരുന്നു. 1915 ജൂൻ 30-ാംനു-ക്ക അതായ്തു സംഘം പ്രവൃത്തി ആരംഭിച്ച ഒരുമാസവും ആറുദിവസവും ചെന്നടത്ത് സംഘത്തിൽ 53 അംഗങ്ങളും 70 ഓഹരിയും ആയി. പിറ്റെത്തെവൎഷം അവസാനിക്കുന്ന 1916 ജൂൻ 30-ാംനു-ക്ക് 222 മെമ്പർമാരും 342 ഓഹരിയും ആയി. അതിന്റെശേഷം 1917 ജൂൻ 30-ാംനു-ക്ക് 293 മെമ്പ്രമാരും 477 ഓഹരിയും ആയിരിക്കുന്നു. പിന്നെ 1917 ഡിസെമ്പ്ര 24-ാംനു-യായ ഇന്നേക്ക് 358 മെമ്പ്രമാരും 572 ഓഹരിയും ആയി വൎദ്ധിച്ചിട്ടുണ്ടു.

31 മാസംമുമ്പ് ഈ സംഘം ഏൎപ്പെടുത്തിയദിവസം വസൂലായ ഓഹരിപ്പണം 216 ക്രമത്തിൽ വൎദ്ധിച്ച ഇന്നേക്ക് 2360 ക. ആയിട്ടുണ്ടെന്നുള്ള സംഗതി സംഘഭരണകൎത്താക്കന്മാരുടെ ഉത്സാഹത്തിന്ന് പ്രത്യക്ഷമായ ദൃഷ്ടാന്തമാകുന്നു.

സ്ഥിരം സൂക്ഷിപ്പിന്ന്കിട്ടിയ പണം താഴെകാണിച്ച പട്ടികയിൽ ചേൎത്തിട്ടുണ്ട്. അതുകൊണ്ട് സംഘത്തിന്റെ ഭരണകൃത്യതയിൽ പരക്കെ ജനങ്ങൾക്ക് വിശ്വാസം ജനിക്കുകയും ആ വിശ്വാസം വൎദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെന്ന് ധാരാളം ഗ്രഹിക്കാം.

| | |
|---|---|
| 1915 ജൂൻ 30-ാംനു-ക്ക് | ക. 10 |
| 1916 ടി. ടി. | ,, 1700 |
| 1917 ജൂൻ 30-ാംനു-ക്ക | ,, 5050 |
| 1917 ടി. ടി. ശേഷം ഇന്നെവരെ | ,, 3620 |



ഇതുപ്രകാരം ആകെ 10380 ക. സ്ഥിരംസൂക്ഷിപ്പിന്ന് കയിപ്പററീട്ടുണ്ട്.

പരസ്പരസഹായസംഘങ്ങൾ എല്ലാദിക്കിലും ഏൎപ്പെടുത്തിയതിന്റെ മുഖ്യഉദ്ദേശം ജനങ്ങളുടെ ഇടയിൽ വ്യയകൃത്യം, സമ്പാദിപ്പാനുള്ള വിചാരം, ഇതുകൾ വൎദ്ധിപ്പിക്കേണ്ടതാണല്ലോ. അങ്ങിനെയുള്ള ഒരു ഉത്സാഹം ഒരു സംഘത്തിന്റെ മെമ്പ്രമാൎക്ക് ജനിച്ചിട്ടുണ്ടെന്നും അത് വൎദ്ധിച്ചുവരുന്നുണ്ടെന്നും സൂചിപ്പിക്കുന്നത് ഒരു സംഘത്തിന്റെ ആവൎത്തനപണം സൂക്ഷിപ്പിന്ന് ചേരുന്ന ആളുകളുടെ എണ്ണംകൊണ്ടാണ്. പക്ഷെ ഈ സംഘത്തിലെ അവസ്ഥ ആ കാൎയ്യത്തിൽ അത്ര ശ്ലാഘനീയമായിട്ട് പരിണമിച്ചിട്ടില്ലെന്ന് താഴെകാണിച്ച പട്ടികകൊണ്ട് പ്രത്യക്ഷമാകുന്നു. അത് ശോചനീയംതന്നെ. പരസ്പരസഹായസംഘത്തിന്റെ മുഖ്യമായ ഈ ഉദ്ദേശം നിറവേറുവാൻ ഇനിയെങ്കിലും മെമ്പ്രമാര ഉദ്യമിക്കുമെന്നു വിശ്വസിക്കുന്നു. ആവൎത്തനപണം സൂക്ഷിപ്പ ശാഖയിൽചേൎന്ന

| | മെമ്പ്രമാര് | ആകെ അടച്ചപണം |
|---|---|---|
| 1915 ജൂൻ 30-ാംനു-ക്ക് | | |
| 1916 ടി. 30-ാംനു-ക്കുള്ളിൽ | 10 | ക. 51 |
| 1917 ടി. 30-ാംനു- ടി. | 3 | ,, 125 |
| 1917 ടി. 30-ാംനു-ക്ക ശേഷം ഇന്നെവരെ | 7 | ,, 26 |
| ആകെ | 20 | 202 |

ഈ സംഘത്തിൽനിന്നു കടംവാങ്ങിയവരുടെ എണ്ണവും സംഖ്യയും താഴെ ചേൎക്കുന്നു:

| | എണ്ണം | സംഖ്യ. |
|---|---|---|
| 1915 ജൂൻ 30-ാംനു- | 2 | ക. 90 |
| 1916 ടി. | 63 | ,, 4585 |
| 1917 ടി. | 80 | ,, 7398 |
| 1917 ജൂൻ 30-ാംനു-ക്കു ശേഷം ഇന്നേവരെ എണ്ണം. | 57 | |
| | 202 | 12073 |

ഈ സംഘം ഏൎപ്പെടുത്തിയ തീയ്യതിമുതൽ ഇന്നേവരെ ആകെ 202 മെമ്പ്രമാൎക്ക് 12073 ക. മേൽകാണിച്ചപ്രകാരം കടമായി സഹായിച്ചിരിക്കുന്നു. ഇതു ഒക്കെയും സംഘനിയമപ്രകാരം ഉറുപ്പികക്കു മാസത്തിൽ ഒന്നരപയിവീതം മാത്രം പലിശയിന്മേൽ കൊടുത്ത കടം ആകുന്നു. ഈ പണസഹായം പശു, എരുമ, മുതലായതു വാങ്ങുവാനും അധികപലിശക്കു വാങ്ങിയ കടങ്ങൾ വീട്ടുവാനുംമററും ഗുണപ്രദമായ ആവശ്യങ്ങൾക്കു കൊടുത്തവയാണ്.

ഇങ്ങിനെ കൊടുത്ത കടത്തിന്നു 1917 ജൂൻ 30-ാംനു-വരെ 613 ക. 10 ണ. 7 പ. പലിശപിരിഞ്ഞിട്ടുണ്ടു്. എല്ലാവിധ വരവുകളിൽനിന്നും ശിബ്ബന്തിയുടെ ശമ്പളം സാദൽവാരം മുതലായ സകല ചിലവുംകഴിച്ചു ആകെ മേൽപ്പടി തീയ്യതിക്കു 231 ക. 11ണ. 11പ. ലാഭം ഉണ്ടായിട്ടുണ്ടു്. ഈ കഴിഞ്ഞ 30-ാംനു- അവസാനിച്ചകൊല്ലത്തിൽ മെമ്പൎമാൎക്കു ഒന്നാമതായി ഒരു ലാഭവീതം കൊടുപ്പാൻ സാധിച്ചിട്ടുണ്ടെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. അതായ്തു് നൂറു ഉറുപ്പിക ഓഹരിപ്പണം അടച്ചവൎക്കു 6¼ ക. പ്രകാ



രം വൎഷാന്തലാഭം കൊടുത്തിരിക്കുന്നു. അതു വേറെപ്രകാരത്തിൽ പറയുന്നപക്ഷം ഒരുറുപ്പികക്കു ഒരണ ലാഭംകണ്ടാണെ കണക്കാവുന്നത്.

സംഘത്തിന്റെ പ്രാരംഭകാലം പ്രസിദ്ധപ്പെടുത്തിയ പരസ്യത്തിൽനിന്നു പരസ്പരസംഘങ്ങളാലുണ്ടാകുന്ന ഗുണത്തെ ചുരുക്കത്തിൽ വിവരിച്ചഭാഗം താഴെ എടുത്തുചേൎത്തും ഇനിയും ഭാവിയിൽ ഈ മാസികയിൽതന്നെ പത്രാധിപരവൎകളുടെ സമ്മതം ഉണ്ടെങ്കിൽ പരസ്പരസഹായസംഘങ്ങൾ പൊതുവിലും; ഈ സംഘം വിശേഷിച്ചും സംബന്ധമായി ചെറിയ കുറിപ്പുകൾ എഴുതി അപ്പപ്പോൾ പ്രസിദ്ധം ചെയ്യാൻ അയച്ചുകൊടുക്കാമെന്നു വാഗ്ദത്തംചെയ്തും ഈ സംഘം സ്ഥാപിച്ച തീയ്യതിമുതൽ ഇന്നേവരെ നടത്തിയ പ്രവൃത്തിയുടെ ചുരുക്കവിവരം മാത്രം അടങ്ങിയ ഈ ഖണ്ഡോപന്യാസം ഇവിടെ അവസാനിപ്പിക്കുന്നു.

പരസ്യത്തിൽനിന്നു എടുത്തുചേൎത്തത്.

“ഇങ്ങിനെ പ്രചാരത്തിൽകൊണ്ടുവന്ന ബേങ്കുകളും ഇന്ത്യൻകമ്പിനി ആക്റ്റുപ്രകാരം വെക്കുന്ന (Joint Stock) ഐക്യനാണയ ബേങ്കുകളും തമ്മിൽ ഈ വ്യത്യാസം ഉണ്ടു്. ഒടുവിൽ പറഞ്ഞമാതിരി ബേങ്കുകളുടെ സൂക്ഷ്മമായ ഉദ്ദേശം ധനവാന്മാർ ഒന്നിച്ചുകൂടി തങ്ങളുടെ മിച്ചമായുള്ള പണത്തെ ശേഖരിച്ചു എല്ലായ്പോഴും കടത്തിൽ വീണുഴലുന്ന സാധുക്കളോടു പലിശമുതലായതു വസൂലാക്കി അധികധനം സമ്പാദിക്കുകയാണ്. എന്നാൽ പരസ്പരസഹായബേങ്കുകളോ അങ്ങിനെയല്ല. സാധുക്കൾ ഒത്തൊരുമിച്ചു തങ്ങൾ മിതവ്യയത്താലും മററും ശേഷിപ്പിക്കുന്ന ശിഥിലമായ പണം സംഭരിച്ചു തങ്ങൾതന്നെ ആ പണം കടംവാങ്ങി മിതമായ പലി

ശമാത്രം കൊടുത്തു അത്യാവശ്യങ്ങൾ നിവൃത്തിച്ചു ഉണ്ടാകുന്ന ലഭ്യം വർഷാന്തത്തിൽ തങ്ങൾതന്നെ വാങ്ങി അനുഭവിക്കുമാറാകുകയും ഈ വഴിമൂലം അവർ അധികപ്പലിശ പിടിച്ചെടുക്കുന്ന ശീലമുള്ള കടംകൊടുക്കുന്നവരിൽനിന്നു രക്ഷപ്പെട്ടു് സ്വതന്ത്രന്മാരും ധനവാന്മാരും ആയിത്തീരുകയും ചെയ്യുകയാണു്.”

## “മിതവ്യയം രസവാദരഹസ്യം.”

മാന്യലേഖകൻ വാഗ്ദത്തംചെയ്യുന്നപ്രകാരം ലേഖനങ്ങൾ അയച്ചുതരുന്നതു ഞങ്ങൾ നന്ദിപൂർവ്വം ഈ മാസികയിൽ അപ്പപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

രാ-ജ-പ.

---

പത്തുകൊല്ലങ്ങൾക്കുമുമ്പ് പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു് ദരിദ്രന്മാക്കു നേരിടുന്ന ബുദ്ധിമുട്ടുകളെ നിവൃത്തിയാക്കാമെന്നു എന്നോടു് ആരെങ്കിലും പറഞ്ഞിരുന്നാൽ ആ വാക്കിനെ ഞാൻ വിലവെക്കുന്നവനല്ലെന്നു് ലജ്ജയില്ലാതെ ഈ സഭയിൽ പറഞ്ഞുകൊള്ളുന്നു. സംഘങ്ങൾ സ്ഥാപിച്ചു് സാധുക്കൾക്കു് സിദ്ധിച്ചിട്ടുള്ള അനവധി ഗുണങ്ങളെ കണ്ടു് ഞാൻ വളരെ സന്തോഷിക്കുന്നു. സംഘങ്ങളുടെ വർദ്ധനയും ജയവും ആർക്കും സന്തോഷത്തെ ജനിപ്പിക്കുന്നുണ്ടു്—വിലാത്തിയിൽ പ്രധാന മന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൺസായ്പ് ഇപ്രകാരം 1890ൽ പ്രസ്താവിച്ചിരുന്നുവത്രെ.

---

# "Co-operative Socities"

BY

**P.V. Govindaswamy Aiyar** M.A., L.T.,

**Price 8 as. a Copy.**

*Apply to Manager "RAMAJAYAM" Cannanore.*

Dewan Bahadur L.D. Swamikannu Pillay Avl, M.A., B.L., L.L.B., Ex-registrar of Co-operative societies writes of this book in these terms:— I wish success may attend your philanthropic efforts.

---

സൂതികാകർമ്മവിധികളുടെ ചുരുക്കം.

കെ. നാരായണൻ നായർ,

സബ്ബ്അസിസ്റ്റാണ്ട സർജൻ.

വില 6 പൈ. Price 6 Ps.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാനേജർ,

"രാമജയം", കണ്ണൂര്.

---

രാമജയം.

| | | | | |
|---|---|---|---|---|
| വരിസംഖ്യ | കൊല്ലത്തിൽ | ക. | 2—8—0 | മാത്രം. |
| ,, | ഒറ്റപ്രതിക്ക | ക. | 0—4—0 | |

പരസ്യക്കൂലി.

| | | |
|---|---|---|
| ഒരു ഭാഗത്തിന്ന ഒരു കൊല്ലത്തേക്ക | ക. | 25—0—[illegible] |
| അർദ്ധഭാഗത്തിന്ന ,, | ക. | 14—0—0 |
| ഒരു ഭാഗത്തിന്ന 6 മാസത്തേക്ക | ക. | 14—0—0 |
| ,, 3 മാസത്തേക്ക | ക. | ൮—൦—0 |

അധികവിവരത്തിന്ന മേനേജരോട ആവശ്യപ്പെട്ടാൽ അറിയിക്കുന്നതാകുന്നു.

മാനേജർ, 'രാമജയം', കണ്ണൂര.


3

24 Home (Edn.) 18

[C No. 175 B.]

**Memo** 175 B-1 dated 31-1-18

The Malayalam journal entitled "Ramajayam" dealing with the development of co-operative societies, is forwarded to the D. P. I. who is requested to state whether any, and if so, how many copies of the journal may be subscribed for for the use of educational institutions.

VLP
28.1.18

CR
29.1.18

(signature)
30.1.18

To,

The D. P. I. (with the current letter & the journal) (to be returned with reply)

Recd. D.P.I.'s with ... CO 4.2.18

4 24 C.F.—29.

HOME (EDUCATION) **DEPARTMENT.**

C. No. 940

*Received* ..... 191 *Registered* ..... 1918

*Subject.*

Recommending the supply of four copies of the Jounral entitled "Ramajayam" to certain institutions.

| ENCLOSURES. |
| --- |
| No. |
| Spare copies |

R.C. **No.** 676/1918

*Station* Madras, *Dated the* 30th April 1918

From (Name) the Hon'ble Mr. J. H. Stone, M.A., F.R.H.S., C.I.E.,

(Designation) Director of Public Instruction, MADRAS.

To The Secretary to the Government of Madras,

HOME (EDUCATION) Department.

Sir,

With reference to Government Memo. No.175 ... dated 23rd January 1918, I have the honour to state that four copies of the journal entitled "Ramajayam" may be subscribed for, for the use of this Department, three for the three Government institutions noted on the margin* and the 4th copy for supply to the Assistant Inspector of Schools, Malabar District, for circulation among ...

* Government Training School for masters, Cannanore,
,, Malappuram,
,, Calicut

Sub-Assistant Inspectors of Schools in that District. The supply in all these cases may begin from 1st January 1918 which seems to have been the date of publication of the journal.

2. I return herewith the enclosures received with the Memo. under reply.

I have the honour to be,

Sir,

Your most obedient Servant,

[signature]

for Director of Public Instruction.

29.4.18.

Y.V./29/4

# NOTES.

25

C.W. 1753 ~~From~~ the Editor of the Malayalam Cooperative Journal "Ramajayam" dated 23.11.18

Subject – Requesting that the journal may be patronized by the Govt in the Education & Cooperation Deptts

For the Registrar

The Editor requests that the Govt. may patronize the journal by ordering its supply to educational institutions. The D.P.I. may, it is submitted, be requested to state whether any copies may be subscribed for, for the use of ~~the~~ educational institutions ~~in~~ ~~Malabar~~.

2. The Editor also requests that the Govt. in the Cooperative Deptt may patronize the journal. This is for consideration in the Revenue Deptt. Since only one copy of the ~~specimen copy~~ journal has been received, the file may be forwarded to ~~that~~ the Revenue Deptt after the requirements of this Deptt have been decided upon.

3. A draft Memo ~~is so~~ to the D.P.I. is submitted for approval.

VCP 28.1.18

CR

[initials] 30.1.

[Issued as Memo. No. 175B-1 dated 31. 1. 18]

ASSISTANT SECRETARY
22 MAY. 1918
GOVT. OF MADRAS

C.No. 940B From the D.P.I. R.c.No.676/18 dated 30.4.18

For the Registrar

The D.P.I. recommends that four copies of the journal may be subscribed for, for the use of three Govt. Educational institutions and for the use of the educational officers in the Malabar district.

A draft order is submitted for approval. It may be sent to Revenue & Financial Depts for n.o. of acceptance.

[signature] 11.5.18 Sec.

[signature] 16/5/18

vel 8.5.18.

[signature] 8.5.18

Rev }
Fnl }

Home (Edn.)
U.O. No. 940 B-1
16.5.18.

Rev. U.O. 922 F
Rgd 17-5-18

Rev. dept.

To O.S.

The draft order may be accepted & on receipt of a copy of the order the L.C.S. may be asked to state whether he wants any copies. The file may be passed on to Finl.

[signature] 8.5.18

Finl. U.O.

CHIEF SECRETARIAT ...
REGISTRAR HOME DEPARTMENT
22 MAY 1918
GOVT. OF MADRAS

Rev. U.O. ... 22-5-18

CURRENT NO.
~~4408~~ 4448
FINANCIAL

KRN

Accepted

2

Magazine.

28

CA 23/5/08 Le

Muy 27/5/08

The Supdt. of Stationery is requested to arrange for the regular supply of a copy each, of the Malayalam journal "Ramayana" to the Govt. training schools for masters [illegible] Cannanore, Malappuram and [illegible] and a copy to the Assistant [illegible] of Schools, Malabar District, [illegible] among the [illegible] in the district, the supply [illegible] from the [illegible]

Sect. ... —36,003—21-1-18. (6)

Home (Edn) DEPARTMENT.

Co. Masks will issue in the Revenue department.

**Periodicals**

Passing orders on the question of supply of the Malayalam journal "Ramajayam" to certain educational institutions.

READ AGAIN G.O. No. ......, dated ...... 191 .

" " " " ......, " ...... 191 .

READ ALSO:—

C. No. 175B, From the Editor, Ramajayam (I), No. ......, dated 23-1-1918.

" " Memo " to the D.P.I. (II) " 175B-1 " 31-1-1918.

" " C.No. 940B. fm (III) do " RC 674/18 " 30-4-1918.

ORDER. No. 674, dated 27-5-1918.

Mis

The Supdt. of Stationery is requested to arrange for the regular supply of a copy each, of the Malayalam journal "Ramajayam", to the three Govt. training Schools for masters at Cannanore, Malappuram and Calicut; and ~~a copy~~ to the Assistant Inspector of Schools, Malabar District, for circulation among the Sub-assistant Inspectors of Schools in the district, the supply commencing from the 1st Jany 1918. The annual subscription for the journal is Rs 2-8-0 and it can be had from the Manager "Ramajayam", Cannanore.

2. Orders regarding the supply of the journal to the Offices of the Dept. of

(Vide para 2 G.O. ... )

Cooperation will issue in the Revenue department.

CR
14.5.18

WP
8.5.18

Td
8.5.18

27/5/18

To,

The Supdt. of Stationery. (A.B.)

" D.P.I. (A.B.)

" A.G. through the Financial Dept. (A.B.)

Recd & desp
CR
31.5.18

" Revenue Dept (A.g. I with copy of W.S. quotation)

" Editor, "Ramajayam" Cannanore. (A.B.)

Desp with 4993
CR
31.5.18

When given for copying
When copied
When examined
When signed

191 .

30

READ AGAIN G.O. No. . DATED
191 .

CURRENT No.

ENCLOSURES TO C. No.

ORDER OF GOVERNMENT .. .. .. A A A A A A A

LETTER OF GOVERNMENT

STATEMENT WITH DITTO.

PAPERS NOT FILED UP, BEING MEANT FOR DESPATCH IN ORIGINAL.

N.B.—
A = Copy in full.
B = Not to be copied.
P = Copy abstract only.
Q = Copy heading only.